# Reaching Out

Quarterly issue of Pain and Palliative Care Society, Thrissur

VOLUME - 12. ISSUE - 4. DECEMBER 2016.



# സാന്ത്വന ചികിത്സയുടെ മറ്റൊരുവശം

● ഇ. ഹരികുമാർ

(ഹരികുമാർ മലയാളത്തിലെ നോവലിസ്റ്റും ചെറുകഥാകൃത്തുമാണ്)

**പെയിൻ ആന്റ്പാലിയേറ്റീവ് കെയർ** സൊസൈറ്റി പുതുതായി തുടങ്ങിയ കമ്പ്യൂട്ടർ ക്ലാസ്സുകൾ റീഹാബിലിറ്റേഷൻ പ്രോജക്ടിന്റെ ഒരു ഭാഗമാണ്. സാന്ത്വന ചികിത്സയിൽ കഴിയുന്നവരേക്കാൾ പ്രശ്നങ്ങളുള്ളത് അവരെ ആശ്രയിച്ച് ജീവിക്കുന്നവർക്കാണ്. പല മാറാവ്യാധികളുടെയും ചികിത്സ വളരെ ചിലവുള്ളതാണ്. പലപ്പോഴും കിടപ്പാടം കൂടി വിൽക്കേണ്ടി വരാറുണ്ട്. ഈ ആശ്രിതരുടെ ഭാവിയെന്താണ്? പലപ്പോഴും അവർ സ്വന്തമായി തൊഴിൽ കണ്ടെത്തി ജീവിക്കാനുള്ള വിദ്യാഭ്യാസം നേടിയിട്ടുണ്ടാവില്ല. സഹായം തേടാൻ പറ്റിയ ബന്ധുക്കളുണ്ടാവില്ല. അങ്ങിനെയുള്ളവർക്ക് ഒരു തൊഴിൽ കണ്ടെത്താനുള്ള ഉദ്യമമാണ് റീഹാബിലിറ്റേഷൻ പ്രോജക്ട് വഴി നടത്തുന്നത്.

***നല്ല കർമ്മങ്ങൾ ചെയ്യുമ്പോൾ അത് മറ്റുള്ളവരോട് പറയുന്നതിലെന്താണ് തെറ്റ്?***

ഇങ്ങിനെ ഒരു ലേഖനമെഴുതണോ എന്ന എന്റെ ചോദ്യത്തിന് ഒരു സദ്ധപ്രവർത്തകന്റെ മറുപടിയാണത്. ശരിയാണ്. നമ്മൾ നല്ല കാര്യങ്ങൾ ചെയ്യുന്നുവെന്ന് മറ്റുള്ളവരെ അറിയിക്കുന്നത് നല്ലതാണ്, കാരണം അറിയുന്നവരിൽ ഒരാളെങ്കിലും അതിൽ പ്രചോദനം ഉൾക്കൊണ്ട് അവരാൽ കഴിയുന്ന സൽക്കർമ്മങ്ങൾ ചെയ്യുകയാണെങ്കിൽ അതു നല്ലതു തന്നെ.

തൃശ്ശൂരിലെ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റിയുമായി അടുക്കാനുള്ള കാരണം എന്റെ അറിവ്, അത്രതന്നെ ഭാഗ്യം ചെയ്തിട്ടില്ലാത്തവർക്കു വേണ്ടി ഉപയോഗിച്ചുകൂടെ എന്ന ചിന്തയായിരുന്നു. ഇതു ഞാൻ അനുജൻ ഡോ. ദിവാകരനുമായി പങ്കുവെച്ചു. അങ്ങിനെയാണ് ഈ സ്ഥാപനത്തിൽ ചികിത്സയിലും സാന്ത്വന ശുശ്രൂഷയിലും കഴിയുന്നതോ മുമ്പ് കഴിഞ്ഞിരുന്നവരോ ആയ രോഗികളുടെ ആശ്രിതർക്ക് ഒരു ജീവിതമാർഗ്ഗം തെളിയിക്കാൻ കമ്പ്യൂട്ടർ പരിശീലനം കൊടുക്കാനുള്ള പ്രോജക്ട് രൂപം കൊണ്ടത്. പാലിയേറ്റീവ് സൊസൈറ്റിയിലെ എല്ലാവരും വളരെ സന്തോഷത്തോടെ ഇതിനെ സ്വാഗതം ചെയ്യുകയും അവരവരാൽ കഴിയുന്ന സഹായസഹകരണങ്ങൾ വാഗ്ദാനം ചെയ്യുകയുമുണ്ടായി. സൗത്ത് ഇന്ത്യൻ ബാങ്ക് നല്ലൊരു സംഖ്യ അതിനുവേണ്ടി സഹായിക്കാമെന്ന് പറയുകയും ചെയ്തപ്പോൾ ഈ പ്രോജക്ട് രൂപം കൊണ്ടു.

രോഗികളുമായി എപ്പോഴും സമ്പർക്കം പുലർത്തുന്ന വളണ്ടിയർമാരോട് ഈ സന്ദേശം രോഗികൾക്കും അവരുടെ ആശ്രിതർക്കും എത്തിക്കാൻ ആവശ്യപ്പെട്ടു. അതിനു ഫലമുണ്ടായി. ഇപ്പോൾ ഏട്ടോളം പേർ ക്ലാസ്സിൽ ചേർന്ന് പഠിക്കുന്നു. അതിൽ വിദ്യാർത്ഥികളുണ്ട്, വീട്ടമ്മമാരുണ്ട്, ഭിന്നശേഷിക്കാരുണ്ട്. ചിലർ കമ്പ്യൂട്ടറിൽ ഒരു വിധത്തിലുള്ള പരിചയവുമില്ലാത്തവരാണ്. ചിലർ പത്താം ക്ലാസ്സുവരെ മാത്രം പഠിച്ചവരാണ്. എല്ലാവരും നല്ല വിധത്തിൽ കമ്പ്യൂട്ടറുമായി വഴങ്ങുന്നു. വിദ്യാഭ്യാസത്തിൽ പല തട്ടിലുള്ള വിദ്യാർത്ഥികളെ പഠിപ്പിക്കുമ്പോഴുള്ള പ്രശ്നം ഒരു ബാച്ചായി അവരെ കൊണ്ടു പോകാൻ കഴിയില്ലെന്നതാണ്. അതുകൊണ്ട് ഓരോരുത്തർക്കും അവരവരുടെ നിലവാരം കണക്കാക്കി പഠിപ്പിക്കുകയാണ് ചെയ്യുന്നത്. അതായത് ഓരോരുത്തർക്കും അവർക്കു വേണ്ടിയാണ് ക്ലാസ്സെടുക്കുന്നതെന്ന തോന്നലുണ്ടാക്കുക. അതൊരു ബുദ്ധിമുട്ടായി കരുതേണ്ടതില്ല.

വിദ്യാഭ്യാസ യോഗ്യത ഒരു തടസ്സമായി നിൽക്കാതെ ഒരു ജോലി കിട്ടാൻ, അല്ലെങ്കിൽ ഒരു വരുമാനമാർഗ്ഗം കണ്ടെത്തുവാൻ വേണ്ട അറിവാണ് ഈ ക്ലാസ്സുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്. ഇംഗ്ലീഷ് അറിഞ്ഞാലേ കമ്പ്യൂട്ടർ പഠിക്കാൻ പറ്റൂ എന്ന ധാരണയുണ്ട്. അതു ശരിയല്ല. ഇപ്പോഴുള്ള എല്ലാ കമ്പ്യൂട്ടർ പ്രോഗ്രാമുകളും മെന്യു ഡ്രിവ ആണ്, അതായത് പ്രോഗ്രാമിന്റെ മുകളിലെ മെന്യു ബാറിലുള്ള ഓരോ മെന്യുവും അമർത്തി അതിൽനിന്ന് നമുക്ക് വേണ്ടതെന്താണെന്ന് തിരഞ്ഞെടുക്കുകയേ വേണ്ടു. കുറച്ച് പരിശീലനം കൊണ്ട് ആർക്കും ചെയ്യാവുന്നതേയുള്ളു. പത്താം ക്ലാസ്സ് പാസാവാത്തവർക്കുകൂടി കമ്പ്യൂട്ടർ പഠിക്കാം. കമ്പ്യൂട്ടറിന്റെ പ്രവർത്തനങ്ങളുടെ പേരുകളെല്ലാംതന്നെ ഇംഗ്ലീഷിലാണെങ്കിലും തൊഴിലധിഷ്ഠിതമായ ഒരു പരിശീലനത്തിനോ അതു കഴിഞ്ഞ് ചെയ്യാനുദ്ദേശിക്കുന്ന ജോലിയ്ക്കോ ഇംഗ്ലീഷ് അറിയണമെന്ന് നിർബ്ബന്ധമില്ല. പോരാത്തതിന് പരിശീലനകാലത്ത് കുറേയേറെ ഇംഗ്ലീഷ് സംജ്ഞകൾ പഠിക്കുകയും ചെയ്യും.

*താഴെ പറയുന്നവയാണ് പഠിപ്പിക്കുന്ന പ്രധാന വിഷയങ്ങൾ:*

1. എന്താണ് കമ്പ്യൂട്ടർ, അല്ലെങ്കിൽ കമ്പ്യൂട്ടറിന് ഒരു ആമുഖം.
2. ടൈപ്പിങ്ങും വേഡ് പ്രോസസിങ്ങും. വേഡ് പ്രോസസിങ്ങ് എന്നു പറഞ്ഞാൽ നാം കീബോർഡിലൂടെ കമ്പ്യൂട്ടറിലേയ്ക്ക് കൊടുക്കുന്ന ഇൻപുട് കമ്പ്യൂട്ടർ പ്രോഗ്രാമുകൾക്ക് മനസ്സിലാവത്തക്ക വിധത്തിൽ തയ്യാറാക്കുക. അതുപോലെ ഔട്പുട്ട്, അതായത് ഒരു കത്തോ, പ്രിന്റ് ചെയ്യാനുള്ള മാറ്ററോ?

●

# എഡിറ്റോറിയൽ

**പാലിയേറ്റീവ് കെയറും** ഹെൽത്ത് കെയർ കൗൺസിലിങ്ങും അവരുടെ കീഴിലുള്ള മെഡിക്കൽ കോളേജിലെ എം.ബി.ബി.എസ്. വിദ്യാർത്ഥികളുടെ പഠനപദ്ധതിയിൽ അടുത്ത അക്കാദമി വർഷം മുതൽ ഉൾപ്പെടുത്താൻ കേരള ആരോഗ്യസർവ്വകലാശാല (കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്) തീരുമാനിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ ഡോ. എം.കെ.സി. നായർ വ്യക്തമാക്കിയതാണിക്കാര്യം.

മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയാണ് മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ സിലബസ് നിശ്ചയിക്കുന്നത്. എന്നാൽ മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ പഠനനിലവാരം കൂടുതൽ മെച്ചപ്പെടുത്തുവാൻ പാലിയേറ്റീവ് കെയർ പോലുള്ള വിഷയങ്ങൾ ഉൾപ്പെടുത്താനുള്ള സ്വാതന്ത്ര്യം യൂണിവേഴ്സിറ്റികൾക്കുണ്ട്.

പാലിയേറ്റീവ് വിഷയത്തിൽ, പുതിയതായി പാഠപുസ്തകങ്ങൾ ഉൾപ്പെടുത്തുവാനുംആ വിഷയത്തിൽ പ്രത്യേക പരീക്ഷ നടത്താനുമല്ല ഉദ്ദേശിക്കുന്നത്. മറ്റ് വിഷയങ്ങൾക്കൊപ്പം ഇവ കൂടി പഠിപ്പിക്കുകയാണ്. ഉദാഹരണത്തിന് കുട്ടികളിലെ ഡൗൺ സിൻഡ്രോം പഠിപ്പിക്കുമ്പോൾ അത്തരം കുട്ടികളുടെ മാതാപിതാക്കൾക്ക് ഏത് തരം കൗൺസിലിങ്ങ് കൊടുക്കാമെന്ന് വിശദീകരിക്കാവുന്നതാണ്. അതുപോലെ ശിശു രോഗങ്ങളെപ്പറ്റിയുള്ള ക്ലാസിൽ ആന്റിബയോട്ടിക് പോളിസി ചർച്ച ചെയ്യാവുന്നതാണ്. കാൻസർ പോലുള്ള രോഗങ്ങളെപ്പറ്റി പ്രതിപാദിക്കുമ്പോൾ സാന്ത്വനപരിചരണം ക്ലാസ്സുകളിൽ പറയാവുന്നതാണ്. എന്നാൽ ഇതുകൊണ്ട് മാത്രം ആധുനിക വൈദ്യവിദ്യാർത്ഥികളിൽ പാലിയേറ്റീവ് കെയറിന്റെ അന്തഃസത്ത പകർന്നു കൊടുക്കാനാവുമോ? തീർച്ചയായും സാധിക്കില്ല.

കാരണം, ആധുനിക ഡോക്ടർമാരില വലിയൊരു പങ്കും വേദനയും അവശതയും ദുരിതവും നിരാശയുമായി തങ്ങളുടെ മുമ്പിൽ പരിചരണത്തിനെത്തുന്ന സഹോദരന്മാരെ, വെറും വസ്തുക്കളായിട്ടാണ് കാണുന്നതും; പരിശോധിക്കുന്നതും; മരുന്നുകുറിക്കുന്നതും. ഇവരിൽ കാരുണ്യവും മാനവീകതയും ഉള്ള ഡോക്ടർ ഇല്ലെന്നില്ല. വളരെ അപൂർവമാണ് അത്തരക്കാർ. മെഡിക്കൽ കോളേജുകളിൽ വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന ഡോക്ടർമാരായ അധ്യാപകരുടെ രോഗികളോടുള്ള സമീപനം നിരീക്ഷിച്ചാൽ ഇക്കാര്യം ബോധ്യമാവും. രോഗബാധിതനായ മനുഷ്യൻ തന്നെപ്പോലെത്തന്നെ വികാരവിചാരങ്ങളുള്ള ആളാണെന്നും, താൻ തന്നെയാണ് അവരെന്നും തിരിച്ചറിഞ്ഞ് ചികിത്സ ചെയ്യുന്ന എത്ര ഡോക്ടർമാർ കേരളീയ സമൂഹത്തിലുണ്ട്?

ആധുനിക വൈദ്യശാസ്ത്രത്തിന്റെ ഘടനയിൽ സഹഭാവവും കാരുണ്യവും അന്തർലീനമായിരുന്നെങ്കിൽ നമ്മുടെ നാട്ടിൽ പാലിയേറ്റീവ് കെയർ പ്രസ്ഥാനം തന്നെ ആവശ്യമായി വരുമായിരുന്നില്ല. ശാരീരിക വേദനകൾ പരിഹരിക്കാൻ മാത്രമായി മരുന്നുകൾ കുറിച്ചുകൊടുത്തതുകൊണ്ട് മാത്രം ഒരു ഡോക്ടറുടെ ധാർമ്മികമായ ഉത്തരവാദിത്തം തീരുന്നില്ല. തന്റെ മുമ്പിലെത്തുന്ന രോഗിക്ക് സാമ്പത്തികവും മാനസികവും ആത്മീയവുമായ തലങ്ങളുണ്ടെന്നും അവയെയെല്ലാം അഭിസംബോധന ചെയ്യുമ്പോഴാണ് മനുഷ്യൻ എന്ന സമഗ്രതയെ തിരിച്ചറിയുന്നതെന്ന യാഥാർഥ്യം ആധുനിക ഡോക്ടർമാർ അംഗീകരിക്കുന്നില്ല.

കേരള ആരോഗ്യ സർവകലാശാലയ്ക്ക് ഈ മേഖലയിൽ ഒരുപാട് കാര്യങ്ങൾ ചെയ്യാൻ കഴിയും. മെഡിക്കൽ വിദ്യാഭ്യാസത്തിൽ, പ്രത്യേകിച്ചും. എം.ബി.ബി.എസ്. സിലബസിൽ പാലിയേറ്റീവ് കെയർ ഓരോ വർഷവും ഉൾപ്പെടുത്തുകയാണ് ഒന്നാമതായി ചെയ്യാനുള്ളത്. സമൂഹത്തിൽ നിന്ന് കാരുണ്യം അപ്രത്യക്ഷമായികൊണ്ടിരിക്കുന്ന ഒരു കാലത്ത് പാലിയേറ്റീവ് കെയർ ഒരു പഠന വിഷയമാക്കി കാരുണ്യത്തിന്റെ ഭാവതലങ്ങൾ വിദ്യാർത്ഥികളിലെത്തിക്കാൻ ഉത്തരവാദിത്തബോധമുള്ള ഒരു ആരോഗ്യ സർവ്വകലാശാലക്ക് സാധിക്കേണ്ടതാണ്. അവരീ വിഷയത്തിൽ അവധാനത കാണിച്ചാൽ, നമുക്ക് നഷ്ടപ്പെടുന്നത് കാരുണ്യബോധമുള്ള തലമുറകളെയായിരിക്കും.

**– എഡിറ്റർ**


PAIN AND PALLIATIVE CARE SOCIETY

**Reaching Out**

Quarterly issue of Pain and Palliative Care Society, Thrissur

VOLUME - 12 ● ISSUE-4 ● DECEMBER-2016

Quarterly issue of Pain and Palliative Care Society, Thrissur
Reg. No. 591/97
Old District Hospital Building, Thrissur - 680 001

Redg. Off : "Manjith", Chembukkavu, Thrissur-680 020
Ph : 0487 2322128
www.painandpalliativecarethrissur.org
email : ppcs.thrissur@gmail.com

Published : Pain and Palliative Care Society, Thrissur

Managing Editor : Secretary, PPCS

Editorial Assistance : C.A. Riji

Layout & Printed at : iMAC Creations, Thrissur

മുഖചിത്രം : വര : ടി. റഹ്മാൻ



*This issue sponsored by*
**SRI VARI AUTO MOTIVES**
KARUNAKARAN NAMBIAR ROAD
THRISSUR

# ഗൃഹപരിചരണത്തിന്റെ നാൾവഴി

● സീതാലക്ഷ്മി

**വൃക്കരോഗ**ബാധിതരുടെ കുടുംബങ്ങൾ സന്ദർശിക്കാൻ നിയോഗിക്കപ്പെട്ടപ്പോൾ ഞാൻ പരിശീലന സമയത്ത് കേട്ടവാക്കുകൾ ഓർത്തു. സാന്ത്വന ശുശ്രൂഷ രോഗിയ്ക്കുമാത്രമുള്ളതല്ല; കുടുംബത്തിനും കൂടി ആശ്വാസം ലഭിക്കണം. കുടുംബം കടംകയറി മുടിഞ്ഞിട്ടുണ്ടാകും. പലരും വീടു വിറ്റിട്ടുണ്ടാകും. ചിലരുടെ വീട് പണയത്തിലാകും. ബാങ്കിൽ നിന്ന് ജപ്തി നോട്ടീസ് വന്നിട്ടുണ്ടാകും. ചില വീടുകളിൽ രണ്ടോ അതിലേറെയോ പേർ കിടപ്പിലായിരിക്കും. കുടുംബം ആത്മഹത്യയുടെ വക്കിലെത്തിയിട്ടുണ്ടാകും...... ഞാൻ കണ്ണുകൾ ഇറുക്കിയടച്ച് പ്രാർത്ഥിച്ചു.

ആദ്യം ചെന്നുകയറിയത് 42 വയസ്സുള്ള രമേശന്റെ വീട്ടിലായിരുന്നു. വൃക്കരോഗിയായ അദ്ദേഹം ബധിരനാണ്. അമ്മ മരിച്ചുപോയിരുന്നു. വൃദ്ധനായ അച്ഛൻ കിടപ്പിലായിട്ടില്ല എന്നു മാത്രം പറയാം. രമേശന് ആഴ്ചയിൽ മൂന്ന് ഡയാലിസിസ് വേണ്ടി വരുന്നു. ഭാര്യ പ്രേമ രമേശന്റെ അടുത്തുതന്നെയുണ്ട്. രമേശന്റെ സഹോദരി വീണ അവരോടൊപ്പമുണ്ട്. രണ്ടു മക്കളുള്ള അവരെ ഭർത്താവ് ഉപേക്ഷിച്ചിരിക്കുന്നു. രമേശന്റെ രണ്ടുമക്കളും സഹോദരിയുടെ മക്കളും സ്കൂളിൽ പോയിരിക്കുന്നു. അവർക്ക് സ്കൂളിൽ നിന്ന് ഉച്ചഭക്ഷണം കിട്ടും. അവധി ദിവസങ്ങളിൽ കുട്ടികൾ വിശപ്പ് സഹിക്കാൻ പരിശീലിച്ചിട്ടുണ്ട് എന്നുകേട്ടപ്പോൾ തൊണ്ടയിലനുഭവപ്പെട്ട വിങ്ങൽ നിയന്ത്രിക്കാൻ ഞാൻ പാടുപെട്ടു. രമേശന്റെ ഭാര്യ പ്രേമയുടെ സഹോദരൻ വീടുവിട്ടുപോയി; എവിടെയാണെന്നറിയില്ല. പ്രേമ സ്വന്തം അമ്മയെ ഒരു വൃദ്ധ സദനത്തിൽ താമസിപ്പിച്ചിരിക്കുന്നു; നിവൃത്തികേടു കൊണ്ടാണ്. രമേശന്റെ മക്കളും സഹോദരി വീണയുടെ മക്കളും പ്രേമയെ അമ്മയെന്നു വിളിയ്ക്കുന്നു. സ്നേഹം കൊണ്ട് പ്രേമ നാലു മക്കളെയും ഭർത്താവിനെയും ഭർതൃസഹോദരിയെയും പിതാവിനെയും വിർപ്പുമുട്ടിയ്ക്കുന്നു. വീടുവിറ്റുപോയി. വാടകയ്ക്കെടുത്ത കുടിലിലാണ് താമസം. എല്ലാ പ്രതിസന്ധിയും നേരിടാൻ സ്നേഹം കൊണ്ട്സാധിക്കുമോ? കാരുണ്യപദ്ധതിയിൽ നിന്ന് ചെറിയ സഹായം കിട്ടി. അതുഭാഗ്യമായി എന്നു പ്രേമ വിശദീകരിച്ചു. പ്രേമയ്ക്ക് ഭാഗ്യത്തെക്കുറിച്ച് മാത്രമേ പറയാനുള്ളൂ.

വൃക്കരോഗിയായ വിജയൻ (50) വിനീതയെ വിവാഹം കഴിച്ചശേഷമാണ് ഗൾഫിൽ പോയത്. പണം സമ്പാദിച്ചു. സഹോദരിയെ നല്ല നിലയിൽ വിവാഹം കഴിച്ചയച്ചു. രണ്ടുമക്കളുടെ അച്ഛനായി. എല്ലാം പെട്ടെന്നാണ് കീഴ്മേൽ മറിഞ്ഞത്. വൃക്കരോഗിയായിത്തീർന്ന വിജയൻ തിരിച്ചെത്തി. ഡയാലിസിസ് തുടങ്ങി. കടം കയറി. വീടു വിറ്റു. ചെറിയ വീടുവാങ്ങി. അമ്മ മരിച്ചു. അച്ഛൻ പണ്ടേതന്നെ മരിച്ചിരുന്നു. വിജയന്റെ സഹോദരിയും രണ്ടുകുട്ടികളുമായി വീട്ടിൽ തിരിച്ചെത്തി. അവരെ ഭർത്താവിന് വേണ്ട! വിനീത അവരെ സ്വീകരിച്ചു. വിനീത സ്നേഹമയിയാണ്. ആത്മവിശ്വാസമുണ്ട്; എത്ര ഹൃദ്യമായി ചിരിക്കുന്നു: സാരമില്ല ചേച്ചീ.... ഉള്ള ഭക്ഷണം ഞങ്ങൾ പങ്കുവെച്ച് കഴിയ്ക്കും. സ്നേഹത്തിന്റെ വെളിച്ചവും സുഗന്ധവും ഒരു മുറിയും അടുക്കളയും മാത്രമുള്ള ആ വീട്ടിൽ നിറഞ്ഞുനില്ക്കുന്നു....

പിന്നീട് പോയത് രാമദാസന്റെ (40) വീട്ടിലേക്കായിരുന്നു. ആഴ്ചയിൽ മൂന്നുദിവസം ഡയാലിസിസ് വേണം. പക്ഷേ ഇപ്പോഴും ജോലിയ്ക്കുപോകുന്നു. ഭാര്യ സരസ്വതിയും ജോലിയ്ക്കു പോകും. മക്കൾ രണ്ടുപേരും സ്കൂളിൽ പോകുന്നു. ഡയാലിസിസ് ഉള്ള ദിവസം രാമദാസൻ നേരത്തെ തന്നെ ഉണർന്ന് ആശുപത്രിയിൽ പോകും. മക്കളെ സ്കൂളിലേയ്ക്ക് ഒരുക്കി അയച്ചശേഷം ഭാര്യ സരസ്വതി ഓടിപ്പിടഞ്ഞ് രാമദാസന്റെ ഡയാലിസിസ് തുട

ങ്ങുന്നതിനുമുമ്പ് ആശുപത്രിയിലെത്തും. മക്കൾക്ക് സ്കൂളിൽ നിന്ന് ഉച്ചഭക്ഷണം കിട്ടുന്നത് മഹാഭാഗ്യമാണെന്ന് സരസ്വതി പറഞ്ഞു. തൊട്ടടുത്ത വീട്ടിലെ ഒരു ഡോക്ടർ ചെറിയ സഹായം നല്കുന്നുണ്ട്. ഞാൻ സരസ്വതിയുടെ കൈപിടിച്ചു. സരസ്വതി വിങ്ങിക്കരഞ്ഞുകൊണ്ട് പറഞ്ഞു. ചേച്ചീ ഞാൻ അനാഥാലയത്തിലാണ് വളർന്നത്.... അനാഥകുട്ടിയെ കല്ല്യാണം കഴിക്കണമെന്നു പറഞ്ഞാണ് അദ്ദേഹം (രാമദാസൻ) എന്നെ കൈ പിടിച്ചു കൊണ്ടുവന്നത്. ഞാൻ അദ്ദേഹത്തെ മരണത്തിന് വിട്ടുകൊടുക്കില്ല.

ഡയാലിസിസ് കഴിഞ്ഞ് റപ്പായി ചേട്ടൻ (60) വീട്ടിൽ കയറി വന്ന സമയത്താണ് ഞങ്ങൾ എത്തിയത്. ഞങ്ങൾ കയറിചെന്നത് മൂപ്പർക്ക് പിടിച്ചില്ല. നിങ്ങൾ ഇവിടെ വന്ന് കുറെ കാര്യങ്ങൾ കുറിച്ചുപോയിട്ട് എന്തുകാര്യം. മരുന്ന് തരുന്ന കാര്യം അംഗീകരിക്കുന്നു. നന്ദിയുണ്ട്. പക്ഷേ എന്റെ കാറ്റുപോകാറായി. മക്കളേ വൃക്കരോഗികളെയും കാൻസർ രോഗികളെയും സർക്കാരിനോട് കൊല്ലാൻ പറയ്. തെരുവുനായ്ക്കളെ പിന്നെ കൊല്ലാം. റപ്പായിച്ചേട്ടന്റെ കാല് നീര് വന്ന് കറുത്ത് വീങ്ങിയിട്ടുണ്ട്. ഭാര്യ അന്നാമ്മ ച്ചേടത്തി പറഞ്ഞു: റപ്പായിച്ചേട്ടൻ സംഭാവന പിരിക്കാനിറങ്ങും. അങ്ങനെ പിരിച്ചെടുക്കുന്നതുക കൊണ്ട് മുപ്പത് വൃക്കരോഗികൾക്ക് ധനസഹായം നല്കുന്നു...! ബാങ്കിൽ ഏഴായിരം രൂപ കിടപ്പുണ്ട്. അത് ഒരിക്കലും എടുക്കില്ല. റപ്പായിച്ചേട്ടൻ മരിച്ചാൽ ആ തുക വൃക്കരോഗികൾക്കു നല്കണമെന്നാണ് കല്പന. അന്നാമ്മ ച്ചേടത്തിയ്ക്ക് ആരോഗ്യമുണ്ട്. അദ്ധ്വാനിച്ച് ജീവിക്കട്ടെ. കഴിഞ്ഞ ദിവസം ഡയാലിസിസ് നടക്കുന്നതിനിടയിൽ ഒരു രോഗി മരിച്ചു. തൊട്ടടുത്ത് റപ്പായിച്ചേട്ടന്റെ ഡയാലിസിസ് നടക്കുകയായിരുന്നു. മരിച്ച രോഗിയുടെ ഭാര്യയെയും അമ്മയെയും റപ്പായിച്ചേട്ടൻ ആശ്വസിപ്പിച്ചു. അവർക്ക് ധനസഹായം നല്കി. പുറമെ പരുക്കനായ റപ്പായിച്ചേട്ടന്റെ ഉള്ളിലെ സ്നേഹസാഗരം ഏത് സുനാമി വന്നാലും ഇളകിമറിയില്ലെന്ന് എനിക്കു ബോദ്ധ്യമായി.

കമറുദ്ദീന് വയസ്സ് 24. പഠിക്കാൻ മിടുക്കനായിരുന്നു. പക്ഷേ, ആഴ്ചയിൽ മൂന്ന് ഡയാലിസിസ് വേണം. പഠനം മുടങ്ങി. കമറുദ്ദീന്റെ ബാപ്പയും ഉമ്മയും ഒപ്പമുണ്ട്. സഹോദരങ്ങൾ ഗൾഫിൽ പോയിരിക്കുന്നു... കഴിയുന്ന തുക അവന്റെ വീട്ടിലേയ്ക്ക് അയക്കുന്നു. കുടുംബം അങ്ങനെ നിരങ്ങി നീങ്ങുന്നു. പള്ളിക്കാരും സഹായിക്കുന്നു... ഞങ്ങൾ കാണാൻ ചെന്നതിന് കമറുദ്ദീനും ബാപ്പയും ഉമ്മയും നന്ദി പറഞ്ഞു. ചേച്ചി ഇടയ്ക്കൊക്കെ വരണം... ഞങ്ങളെ മറക്കല്ലേ! കമറുദ്ദീന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നു. ഞാൻ എന്റെ സാരിത്തുമ്പുകൊണ്ടുതന്നെ കണ്ണുതുടച്ചു കൊടുത്തു... വരാം മോനേ... സമയം കിട്ടുമ്പോഴൊക്കെ വരാം...



2016 ഡിസംബർ 30 (വെള്ളി) റീജ്യണൽ തിയറ്റർ അങ്കണത്തിൽ നട്ടെല്ലിന് ക്ഷതമേറ്റ് ചലനശേഷി പരിമിതപ്പെട്ട സഹോദരങ്ങളുടെയും സന്നദ്ധസേവകരുടെയും ജീവനക്കാരുടെയും കൂട്ടായ്മ അക്കാദമിയുടെ സഹകരണത്തോടെ നടന്നു. 1997 ൽ പ്രവർത്തനം ആരംഭിച്ച പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റി 2011 ലാണ് ഫിസിയോതെറാപ്പി യൂണിറ്റ് ആരംഭിച്ചത്. ഇത് പതിനേഴാമത്തെ കൂട്ടായ്മയാണ്. ആദ്യമായിട്ടാണ് ഈ സംഗമം വിശാലമായ ഒരു പൊതുയിടത്തിൽ നടക്കുന്നത്. സംഗീതനാടക അക്കാദമിയുടെ അങ്കണത്തിൽ മുപ്പത്തേഴോളം ഭിന്നശേഷിക്കാരായ സഹോദരങ്ങൾ ഒത്തുകൂടി. ഡോൺ ബോസ്കോ കോളേജിലെയും മോഡൽ ഗേൾസ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലേയും വിദ്യാർത്ഥികളും ബന്ധുക്കളും സന്നദ്ധപ്രവർത്തകരുമായി നൂറ്റമ്പതോളം പേരുണ്ടായിരുന്നു. വല്ലാത്തൊരു ഊർജ്ജമാണ് അവിടെ സംക്രമിച്ചത്. വിദ്യാശങ്കറും ഉണ്ണികൃഷ്ണനും പൂജയും വിഷ്ണുവും കൃഷ്ണനും രാജനും ഗാനങ്ങളാലപിച്ചു. ഇരുചക്ര കസേരകളിലിരുന്ന് അവർ തലയാട്ടിയും കൈവിരലുകളാൽ താളംപിടിച്ചും ഊർജ്ജപ്രവാഹത്തിൽ പങ്കുച്ചേർന്നു. മാദ്ധ്യമപ്രവർത്തകർ ചലനങ്ങൾ വാക്കിലും ലെൻസിലും ഒപ്പിയെടുത്തു. അക്കാദമി സെക്രട്ടറി രാധാകൃഷ്ണൻ നായർ സംഗമത്തിന് ആശംസകളർപ്പിച്ചു. സിനിമനടൻ സുനിൽ സുഖദയുടെ സാന്നിദ്ധ്യം ശ്രദ്ധേയമായി.



## ആനി ജോൺ
**(1941-2016)**

**പാലിയേറ്റീവ്** കെയർ സൊസൈറ്റിയുടെ സന്നദ്ധ സേവകയായ **ആനിചേച്ചി** (ആനി ജോൺ) 2016 നവംബർ 28ന് രാത്രി 10.30 ന് നിര്യാതയായി. പാലിയേറ്റീവ് കെയർ സൊസൈറ്റിയുടെ സന്നദ്ധപ്രവർത്തകരിൽ ആദ്യത്തെ മരണം. അനൂറിസം എന്ന രോഗമാണ് മരണത്തിന് കാരണമായത്.

നാലുവർഷം അവർ ക്ളിനിക്കിന്റെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുകയുണ്ടായി. രോഗാവസ്ഥയിലെത്തിയ ശേഷമാണ് ക്ളിനിക്കിൽ വരാതെയായത്. രോഗബാധിതരായ സഹോദരങ്ങളെ സ്നേഹത്തോടും ധാരണയോടും കൂടിയാണ് അവർ സമീപിച്ചിരുന്നത്. അവരുടെ സുഖദു:ഖങ്ങളിൽ നല്ലൊരു ശ്രോതാവായിരുന്നു അവർ. വീടിനടുത്തുള്ള രോഗബാധിതരെ സന്ദർശിക്കുന്നതിനും ആശ്വാസം നല്കുന്നതിനും അവർ മുൻപന്തിയിലായിരുന്നു. തൃശ്ശൂരിലെ വസന്ത് നഗറിൽ പതിനെട്ട് വർഷമായി ഒറ്റയ്ക്കാണ് താമസിച്ചിരുന്നത്. ഒരു മകൻ അമേരിക്കയിലും മറ്റേയാൾ ബാംഗ്ളൂരിലുമാണ്.

ആനിചേച്ചിയുടെ നിര്യാണത്തിൽ പാലിയേറ്റീവ് കുടുംബം അഗാധമായ ദു:ഖം രേഖപ്പെടുത്തുന്നു. അവരുടെ ഓർമ്മ ദീപ്തമായിരിക്കട്ടെ!

# മരണത്തെ ആദരവോടെ സ്വീകരിക്കുക

● ഡോ. സി.എൻ. പരമേശ്വരൻ

**സുഖമരണം** എന്നത് പാലിയേറ്റീവ് ശുശ്രൂഷയുടെ അടിസ്ഥാനസമീപനങ്ങളിൽ ഒന്നാണല്ലോ. ചികിത്സാപീഡനത്തിൽനിന്ന് മുക്തമായ മരണം. ജീവിതത്തിന്റെ അന്ത്യദശയിൽ പ്രവേശിച്ചുകഴിഞ്ഞ വ്യക്തിയെ അനാവശ്യ ചികിത്സകൾക്ക് വിധേയനാക്കാതെ ശാന്തമായി മരിക്കാൻ അനുവദിക്കുക. സാന്ത്വന ചികിത്സയിൽ അംഗീകരിക്കപ്പെട്ട തത്വമാണിത്. പക്ഷെ രോഗികളുടെ അടുത്ത ബന്ധുക്കൾ എത്രകണ്ട് ഈ തത്വത്തോട് യോജിക്കുന്നുണ്ട്? അധികമുണ്ടെന്ന് തോന്നുന്നില്ല അതാണ് അനുഭവം.

80 കഴിഞ്ഞ, വൃക്കകൾ പരാജയപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു ഹൃദ്രോഗി. എങ്ങനെയോ വീട്ടിൽ തിണ്ണയിൽ തലയടിച്ച് വീണ് മസ്തിഷ്കത്തിന് പരിക്കേറ്റ് അബോധാവസ്ഥയിലായി. ഐസിയുവിൽ ബെഡ് ഒഴിവില്ലാത്തതിനാൽ സെമി ഐസിയുവിൽ കിടത്തി - രണ്ട് ബന്ധുക്കൾക്ക് കൂടെയിരിക്കാം. പരാക്രമം കാരണം കൈകാലുകൾ കെട്ടിയിടേണ്ടി വന്നു. കുഴൽ വഴി ഭക്ഷണം. ഡ്രിപ്. ആന്റിബയോട്ടിക്കുകൾ. കൂട്ടിന് ഭാര്യ, വിദേശത്തായിരുന്ന മക്കൾ. ഒരാഴ്ച കഴിഞ്ഞു. സ്ഥിതി പഴയതുപോലെ. ഡോക്ടർ പറഞ്ഞു പ്രതീക്ഷയ്ക്ക് വകയില്ലെന്നും ചികിത്സ നാമമാത്രമാക്കാമെന്നും. മക്കൾ സമ്മതിച്ചെങ്കിലും ഭാര്യ കൂട്ടാക്കിയില്ല. ഒരു നിമിഷമെങ്കിൽ ഒരു നിമിഷം കൂടി ഇദ്ദേഹം ശ്വസിക്കുന്നത് കാണാനാണ് എന്റെ ആഗ്രഹം. അതിനെന്തൊക്കെ ചെയ്യണമോ അതൊക്കെ ചെയ്യണം. ഒരാഴ്ച കൂടി കിടന്ന് രോഗി മരിച്ചു.

എഴുപത് കഴിഞ്ഞ ഒരു ഡോക്ടർ. ഇപ്പോഴും പ്രാക്ടീസ് ചെയ്യുന്നു. പ്രമേഹം, പ്രഷർ, നടന്നാൽ കിതപ്പ്, പൊണ്ണത്തടി. സ്ട്രോക്ക് വന്നു. വലതുവശം തളർന്നു. സംസാരിക്കാൻ വയ്യ. ശ്വാസതടസം. ഐസിയുവിൽ, വെന്റിലേറ്ററിൽ ഇട്ടു. അമേരിക്കയിൽ നിന്നും ദുബായിൽ നിന്നും ഡോക്ടർമാരായ മക്കളെത്തി. ഒരാഴ്ച കഴിഞ്ഞു. ചികിത്സകൊണ്ട് ഫലമൊന്നുമുണ്ടാവുന്നില്ല. വൃക്കകൾ പ്രവർത്തിക്കാതായിത്തുടങ്ങി. ഡയാലിസിസ് തുടങ്ങി. പ്രഷർ കുറഞ്ഞു. സ്പെഷലിസ്റ്റുകൾ അഭിപ്രായപ്പെട്ടു: സക്രിയമായ ചികിത്സക്ക് ഇനി പ്രസക്തിയില്ല. പക്ഷെ ചികിത്സ നിർത്താൻ ഡോക്ടർമാരായ മക്കളടക്കം ബന്ധുക്കൾ തയ്യാറല്ല. നാല്പത്തഞ്ചു ദിവസം വെന്റിലേറ്ററിൽ കിടന്നു, ബോധമില്ലാതെ.

തൊണ്ണൂറു കഴിഞ്ഞ സ്ത്രീ. സ്തനാർബുദം. ഓപ്പറേഷൻ, കീമോ, റേഡിയേഷൻ ഇതൊക്കെ ചെയ്തതാണ്. ഇപ്പോൾ രണ്ടാമതും കാൻസർ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. മസ്തിഷ്ക്കത്തിലേക്കും വ്യാപിച്ചു കഴിഞ്ഞു. ഓർമയില്ലാതായി. ആരെയും തിരിച്ചറിയുന്നില്ല. ഒന്നും കഴിക്കുന്നില്ല. പ്രത്യേകിച്ച് ചികിത്സയൊന്നും വേണ്ട, ആശുപത്രിയിൽ കൊണ്ടുപോകണ്ട എന്ന് ഡോക്ടർ വിധിച്ചു. മക്കൾക്ക് സമ്മതം. പക്ഷെ അകന്ന ബന്ധുക്കൾ, അയൽക്കാർ, സന്ദർശകർ വിടാൻ ഭാവമില്ല. കണ്ടില്ലേ കിടക്കുന്ന കിടപ്പ്? കണ്ടാൽ നെഞ്ച് തകർന്നുപോകും. എന്നിട്ടും മക്കൾക്കുണ്ടോ വല്ല ഭാവഭേദവും? പെറ്റ തള്ളയല്ലേ? പൊന്നുപോലെ വളർത്തിയതല്ലെ മക്കളെ? പിശുക്കുകൊണ്ടാണ് ആശുപത്രിയിൽ കൊണ്ടുപോകാത്തത്. നമുക്ക് പിരിവെടുക്കാം.

ഒരു സംഭവം കൂടി. 101 വയസ്സായ പടുവൃദ്ധൻ. ഓർമ്മയും തിരിച്ചറിവുമില്ല. ഭക്ഷണം കഴിക്കാതായി. മൂക്ക് ട്യൂബ് വഴി ഭക്ഷണം കൊടുക്കാൻ ശ്രമിച്ചു. പക്ഷെ രോഗി ട്യൂബ് വലിച്ചൂരിക്കളഞ്ഞു. കുടുംബത്തിലെത്തന്നെ ഒരു ഡോക്ടറുടെ നിർദ്ദേശപ്രകാരം കൈകൾ കെട്ടിയിട്ട് ട്യൂബ് വഴി ഭക്ഷണം കൊടുത്തുകൊണ്ടിരിക്കുന്നു!

അവസാനമായി എന്ന് അംഗീകരിക്കാൻ കഴിയായ്ക. ശാന്തമായി മരിക്കാൻ അനുവദിക്കുക എന്ന സാന്ത്വന ചികിത്സയുടെ തത്വത്തിനെതിരായി, മരിക്കാൻ അനുവദിക്കാതിരിക്കുക എന്നതാണ് സമൂഹമന:ശാസ്ത്രം എന്നു തോന്നും. മരണം ഒരു അശ്ലീലപദമായി ത്തീർന്നിരിക്കുന്നു. കഴിഞ്ഞ അരനൂറ്റാണ്ടുകാലത്തുണ്ടായ പരിവർത്തനമാണിത്. ആധുനിക വൈദ്യശാസ്ത്രത്തിന്റെ അഭൂതപൂർവമായ മുന്നേറ്റത്തിന്റെ ഒരു പാർശ്വഫലം. ഇനിയും എന്തെങ്കിലും ചെയ്യാനുണ്ടായിരിക്കും. അമേരിക്കയിൽ പുതിയതായി കണ്ടുപിടിക്കപ്പെട്ട ഔഷധം - മൃതസഞ്ജീവനി - വരുത്തി നോക്കാം. ഒരുപക്ഷെ ഫലിച്ചാലോ? വേറൊരു ഡോക്ടറെ കാണിക്കാം. വൈദ്യശാസ്ത്രത്തിന്റെ - ഔഷധങ്ങളുടെ - കഴിവിന് അതിരില്ല. അത് പ്രയോഗിക്കുന്ന ഡോക്ടറുടെ കഴിവുകേടായിരിക്കും. അതിനാൽ മറ്റൊരാശുപത്രിയിൽ പോകാം. ഇങ്ങനെയൊക്കെയാണ് സമൂഹം ചിന്തിക്കുന്നത്. ബന്ധുക്കളല്ലാത്തവരുടെ മരണത്തോട് സമരസപ്പെടാൻ തയ്യാറാവുന്നവർ പോലും അടുത്ത, സ്വന്തം, ബന്ധുക്കളുടെ കാര്യം വരുമ്പോൾ പതറിപ്പോകുന്നു. വിട പറയാറായിട്ടില്ല എന്ന തോന്നൽ. മരണം ജീവിതത്തിന്റെ ഭാഗം തന്നെ– അവസാനഭാഗം – എന്ന് ബുദ്ധി സമ്മതിക്കുമ്പോഴും ഹൃദയം സമ്മതിക്കാത്ത അവസ്ഥ. വളരെ വിഷമം പിടിച്ച അവസ്ഥതന്നെ. ചികിത്സകരെയും ശുശ്രൂഷകരെയും കുഴക്കുന്ന, ബുദ്ധിമുട്ടിക്കുന്ന അവസ്ഥ. ആ പിംഗള കേശിനിയുടെ ചിലമ്പൊലി സംഗീതമായിട്ടല്ല നമുക്ക് അനുഭവപ്പെടുന്നത്, ക്രൂരമായ ആക്രോശമായിട്ടാണ്. ആരുടെയും കുറ്റമല്ല.

പുസ്തകത്തിൽ വായിക്കുന്നതും പ്രസംഗിക്കുന്നതും ഉപദേശിക്കുന്നതും പോലെയൊന്നുമല്ല യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കുമ്പോൾ - പ്രത്യേകിച്ചും മരണമെന്ന യാഥാർത്ഥ്യത്തെ.

●

രണ്ടാമത് ശ്രീമതി: കെ.വി. പത്മാവതി വാരസ്യാർ അനുസ്മരണ പ്രഭാഷണം 2017 നവംബർ 20 ന് ഉച്ചതിരിഞ്ഞ് രണ്ട് മണിക്ക് പാലിയേറ്റീവ് ക്ളിനിക്കിന്റെ ഇൻസ്റ്റിറ്റ്യൂട്ട് ഹാളിൽ വെച്ച് നടന്നു. ഇന്ത്യയിലെ പാലിയേറ്റീവ് കെയർ പ്രസ്ഥാനത്തിന്റെ പിതൃസ്ഥാനീയനായ ഡോ: എം. ആർ. രാജഗോപാൽ അനുസ്മരണ പ്രഭാഷണം ചെയ്തു. ഓരോ സന്നദ്ധ പ്രവർത്തകനും സ്വയം വിമർശനത്തിനുള്ള കണ്ണാടിയാകണം. നമ്മുടെ ഓരോ പ്രവൃത്തിയും എല്ലാ ജാതിമത ചിന്തകൾക്കും വിഭാഗീയചിന്തകൾക്കും അതീതമായിരിക്കണം. ആധുനിക ആരോഗ്യപ്രസ്ഥാനത്തിൽ സഹജമായിരിക്കേണ്ട ഒന്നാണ് സാന്ത്വന പരിചരണം. ഇതര ആരോഗ്യ ഏജൻസികളുമായി സഹകരിക്കുവാൻ സന്നദ്ധപ്രവർത്തകർ തയ്യാറാകണം. കവി കെ.വി. രാമകൃഷ്ണൻ സഹോദരിയെ അനുസ്മരിച്ചു. ഡോ. ഇ. ദിവാകരൻ സ്വാഗതവും ഇന്ദിരാ ഗോപിനാഥ് നന്ദിയും പറഞ്ഞു. ബേബി, വിജേഷ് എന്നിവർ തുടർചർച്ചയിൽ പങ്കെടുത്തു.

# ‘ചേതന’യുടെ ഒന്നാം വാർഷികം

● സുശീല മാധവൻ

**വൃക്കരോഗം** ബാധിച്ചവർ അനുഭവിക്കുന്ന ശാരീരിക, മാനസിക, സാമൂഹിക യാതനകൾ ഒട്ടനവധിയാണ്. പലരും ദീർഘകാലമായി ഡയാലിസിസ് ചെയ്യുന്നവരും അതിനോടനുബന്ധമായി ജീവിത ശൈലിയിൽ വരുത്തേണ്ടി വരുന്ന മാറ്റങ്ങളോട് പൊരുത്തപ്പെടാനാവാതെ നട്ടം തിരിയുന്നവരാണ്. ഇവരുടെ സാമ്പത്തിക പരാധീനതകൾ പറഞ്ഞറിയിക്കാൻ പോലും പറ്റാത്ത വിധത്തിൽ കടുത്തതാണ്; കുടുംബ സാമൂഹിക ബന്ധങ്ങളാകട്ടെ തികച്ചും നിരുത്സവവും. നമ്മുടെ സാന്ത്വന ചികിത്സാകേന്ദ്രത്തിൽ വരുന്ന മറ്റ് രോഗബാധിതരെ അപേക്ഷിച്ച് പ്രായേണ ചെറുപ്പക്കാർക്കാണ് വൃക്കരോഗം കണ്ടു വരുന്നത്. ജീവിതത്തിൽ ഏറ്റവും ക്രിയോന്മുഖവും ഉത്പാദനക്ഷമവുമായ പ്രായത്തിൽ ഒരാൾ രോഗബാധിതനാകുമ്പോൾ ഒരു കുടുംബം മുഴുവനാണ് ആ ദുരന്തത്തിന്റെ ഫലം അനുഭവിക്കുന്നത്. വൃക്കരോഗചികിത്സയുടെ ഇന്നത്തെ സ്ഥിതി അനുസരിച്ച് രോഗബാധിതർ ഡയാലിസിസ്സിന്നായി തുടർച്ചയായി ആശുപത്രിയിൽ കയറി ഇറങ്ങേണ്ടി വരുന്ന അവസ്ഥയാണ്. ഞങ്ങൾ സന്നദ്ധ പ്രവർത്തകർ ഇവരുമായി തുറന്ന് സംസാരിച്ചപ്പോഴാണ്, വൃക്കരോഗികൾ അനുഭവിക്കുന്ന ദുരിതം വളരെ വ്യത്യസ്ഥമാണെന്നും അത് അവരുടെ കുടുംബജീവിതത്തെ വളരെ പരിതാപകരമായ വിധത്തിൽ ബാധിക്കുന്നുണ്ട് എന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. ഈ ഉൾക്കാഴ്ചയാണ് വൃക്കരോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വേണ്ടി ഒരു കൂട്ടായ്മ രൂപീകരിക്കാൻ പ്രചോദനമായത്. നമ്മുടെ സന്നദ്ധപ്രവർത്തക ജ്യോതി വാരിയരുടെ മനസ്സിൽ ഉദിച്ച ആശയത്തിന് ബന്ധപ്പെട്ടവരെല്ലാം പങ്കെടുത്ത ചർച്ചയിലൂടെ മൂർത്തരൂപം കൈ വന്നപ്പോൾ ആ കൂട്ടായ്മക്ക് ‘ചേതന’ എന്ന് പേരിട്ടു. മാസത്തിൽ രണ്ടു തവണ വീതം വൃക്ക രോഗബാധിതരെ വേർതിരിച്ച് ഗ്രൂപ്പുകളാക്കി സാന്ത്വനചികിത്സാ കേന്ദ്രത്തിലേക്ക് ക്ഷണിച്ച് വരുത്തി അവർക്ക് അന്യോന്യം ആശയ വിനിമയം ചെയ്യാനും, തമ്മിൽ സാഹോദര്യം വളർത്തിയെടുക്കാനും, സാന്ത്വനപ്രവർത്തകർക്ക് അവരോട് സംവദിക്കാനുമുള്ള ഒരു വേദിയായി ‘ചേതന’ ഇതിനകം രൂപപ്പെട്ടിട്ടുണ്ട്.

ഈ കൂട്ടായ്മയുടെ ഒന്നാം വാർഷികം നവംബർ 20 ാം തീയതി അർത്ഥപൂർണ്ണമായ പരിപാടികളോടെ അടയാളപ്പെടുത്താൻ ഞങ്ങൾ തീരുമാനിച്ചു. അതനുസരിച്ച് ‘ചേതന’യിലെ വൃക്കരോഗബാധിതർക്കും അവരുടെ കുടുംബാംഗങ്ങൾക്കും അന്തർദേശീയ തലത്തിൽ പ്രശസ്തനും സാന്ത്വനചികിത്സയെ ഇന്ത്യയിൽ ത്തന്നെ തുടങ്ങിവെച്ചവരിൽ പ്രമുഖനുമായ ഡോ. എം.ആർ. രാജഗോപാലുമായി നേരിട്ട് സംവദിക്കാനു ള്ള ഒരു അവസരം സൃഷ്ടിക്കാൻ ഞങ്ങൾ തീരുമാനിച്ചു. വൃക്കരോഗബാധിതരും അവരുടെ കുടുംബാംഗങ്ങളുമായി 38 പേർ ഈ വാർഷിക പരിപാടിയിൽ പങ്കെടുത്തു.

ഡോ. ദിവാകരൻ ‘ചേതന’യുടെ രൂപീകരണത്തിന്റെ പശ്ചാത്തലം വിവരിച്ചുകൊണ്ട് ഡോ. രാജഗോപാലിനേയും കൂട്ടായ്മയിൽ സന്നിഹിതരായ മറ്റെല്ലാവരേയും വാർഷിക പരിപാടിയിലേക്ക് സ്വാഗതം ചെയ്തു. സന്നദ്ധപ്രവർത്തകയായ സുശീല ‘ചേതന’യുടെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനം അവലോകനം ചെയ്യുകയും ഭാവിയിൽ ‘ചേതന’ എന്തെല്ലാം പ്രവർത്തനങ്ങളിൽ വ്യാപരിക്കാം എന്നതിനെക്കുറിച്ച് പ്രവർത്തകരുടെ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുകയും ചെയ്തു. പിന്നീട് രോഗബാധിതരിൽ ചിലർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെക്കുകയും ചില രോഗസംബന്ധമായ സംശയങ്ങൾ ഡോ. രാജഗോപാലിനോട് ഉന്നയിക്കുകയും ചെയ്തു. ഡോ. രാജഗോപാൽ പരിചയ

സമ്പന്നനായ ഡോക്റ്ററുടേയും, അതിലുപരി ഒരു സാന്ത്വന പ്രവർത്തകന്റേയും നിലയിൽ സംശയനിവാരണം ചെയ്തത് പങ്കെടുത്തവർക്ക് ഒരനുഗ്രഹമായി. 'ചേതന' രൂപീകരിക്കാൻ തീരുമാനിച്ചതിനേയും അതിന്റെ പ്രവർത്തനം സജീവമായി മുന്നോട്ട് കൊണ്ട് പോകുന്നതിനേയും ശ്ളാഘിച്ചുകൊണ്ട് തന്റെ പ്രവർത്തന മേഖലയായ തിരുവനന്തപുരത്ത് ഇങ്ങനെ ഒരു കൂട്ടായ്മ ഇല്ലെന്നും, അത് വേണ്ടതാണെന്നും അദ്ദേഹം നിരീക്ഷിച്ചു.

ഇത്തരുണത്തിൽ വളരെ ശ്രദ്ധേയമായ ചില നിരീക്ഷണങ്ങൾ ഡോ. രാജഗോപാൽ നടത്തുകയുണ്ടായി. നെഫ്രോളജിസ്റ്റുകൾ പലകാരണങ്ങളാൽ രോഗികൾക്ക് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുന്നില്ല. രോഗാവസ്ഥ ശരിയായ വിധം കൈകാര്യം ചെയ്യുന്നതിനെ ഇത് ബാധിക്കാൻ സാദ്ധ്യതയുണ്ട്. ഇതിന് പ്രതിവിധിയായിട്ട്, സാന്ത്വന പ്രവർത്തകർ തന്നെ നെഫ്രോളജിസ്റ്റുകളുമായി സംവദിച്ച് വിശദമായ പരിഹാരങ്ങൾ മനസ്സിലാക്കി രോഗികളുമായി പങ്കു വെക്കേണ്ടതാണ്. അങ്ങനെ, രോഗബാധിതരുടെ വിവിധങ്ങളായ ശാരീരിക ക്ളേശങ്ങൾക്ക് അവരെ ചികിത്സിക്കുന്ന നെഫ്രോളജിസ്റ്റുമായി ചർച്ച ചെയ്ത് സാന്ത്വനചികിത്സാകേന്ദ്രത്തിൽത്തന്നെ പരിഹാരം കണ്ടെത്താൻ സാധിക്കേണ്ടതാണ്. രോഗാവസ്ഥയിലുള്ള ഒറ്റപ്പെടൽ, മറ്റുള്ളവർക്ക് താൻ ഭാരമാകുന്നു എന്ന ചിന്ത തുടങ്ങിയ മാനസികപ്രശ്നങ്ങൾ രോഗികൾ പങ്കുവെക്കുമ്പോൾ അവയെ അതീവശ്രദ്ധയോടെ കേൾക്കാൻ ഡോക്റ്റർമാർ ശീലിക്കേണ്ടതുണ്ട്. ഇതിന്നായി മെഡിക്കൽ പാഠ്യപദ്ധതിയിൽത്തന്നെ സാന്ത്വനചികിത്സ ഒരു വിഷയമാക്കേണ്ടത് ആവശ്യമായിരിക്കുന്നു.

വൃക്കരോഗം ജനിതകമാണോ എന്ന സംശയത്തിന് മറുപടിയായി അതിനു വേണ്ട തെളിവുകൾ ഇല്ലെന്നും എന്നാൽ രക്തസമ്മർദ്ദം, പ്രമേഹം തുടങ്ങിയ ജനിതക രോഗങ്ങൾ തന്നേയാണ്, വൃക്കരോഗത്തിന് കാരണമാകുന്നതതെന്നും അവയെ നേരത്തേ കണ്ട് പിടിച്ച് ചികിത്സ തുടങ്ങേണ്ട ആവശ്യമുണ്ട് എന്നും ഡോ. രാജഗോപാൽ പറഞ്ഞു.

തന്റെ അസുഖം ചിട്ടയായ ജീവിതവും പ്രാർത്ഥനയും കൊണ്ട് നിയന്ത്രിതമായതിനാൽ അങ്ങനെ തന്നെ ചെയ്യാൻ തന്റെ കൂടെ ഡയാലിസിസ് ചെയ്യുന്നവരെ ഉപദേശിക്കാറുണ്ടെന്ന് ഒരാൾ വെളിപ്പെടുത്തിയപ്പോൾ, ഡോ. രാജഗോപാൽ 'ഉപദേശ'വും 'കൗൺസലിംങ്ങും' തമ്മിലുള്ള വ്യത്യാസം ചൂണ്ടിക്കാണിച്ച് ഇത്തരം ഉപദേശങ്ങൾക്ക് ഫലം പരിമിതമായിരിക്കുമെന്ന് പറഞ്ഞ് മനസ്സിലാക്കി. അനുഭവസ്ഥൻ തന്നെ കൗൺസിലർ ആകുന്നത് കൂടുതൽ ഫലപ്രദമാകാം, പക്ഷേ അവർക്ക് ശരിയായ പരിശീലനം അത്യന്താപേക്ഷിതമാണ്. എന്നും ഡോ. രാജഗോപാൽ വ്യക്തമാക്കി.

കാരുണ്യ, ആർ.എസ്.ബി.വൈ തുടങ്ങിയ പദ്ധതികൾ പ്രകാരം ഗവണ്മേന്റ് നൽകി വരുന്ന ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കാത്തതിൽ പലരും ആകാംക്ഷയും നിസ്സഹായതയും പ്രകടിപ്പിച്ചു. ഗൗരവമായി എടുക്കേണ്ട ഒരു വിഷയമാണ് ഇതെന്ന് സൂചിപ്പിച്ച്, ഐ. എ.പി.സി പോലുള്ള സംഘടനയോടൊപ്പം ചേർന്ന് പാലിയേറ്റീവ് കേയർ പ്രവർത്തകർ സർക്കാർ തലത്തിൽ ഇക്കാര്യത്തിൽ സമ്മർദ്ദം ചെലുത്തണം എന്ന് ഡോക്റ്റർ അഭിപ്രായപ്പെട്ടു. ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കാത്ത ഓരോ സ്കീമിന്റേയും പ്രശ്നങ്ങൾ ഇപ്രകാരം സന്നദ്ധപ്രവർത്തകർ ഇടപെട്ട് പരിഹാരത്തിനായി സർക്കാർ തലത്തിൽ സമ്മർദ്ദം ചെലുത്തേണ്ടതുണ്ട്.

പാലിയേറ്റീവ് കേയർ ആരുടേയും സൗജന്യമല്ല; അത് രോഗബാധിതരുടെ അവകാശമാണ്. ഈ സന്ദേശം സമൂഹത്തിന് പകരാൻ ബോധവൽക്കരണം ആവശ്യമാണ്. രോഗബാധിതർ തങ്ങളുടെ അനുഭവങ്ങൾ പങ്കു വെക്കുന്നതിലൂടെയാണ് ഡോക്റ്റർമാരും സന്നദ്ധപ്രവർത്തകരും അറിവുകൾ നേടുന്നത് എന്നും, 'ചേതന' പോലുള്ള കൂട്ടായ്മകളുടെ പ്രസക്തി അതു കാരണം വർദ്ധിക്കുന്നുണ്ടെന്നും സൂചിപ്പിച്ചുകൊണ്ടാണ് ഡോ. രാജഗോപാൽ ഉപസംഹരിച്ചത്.

നിലവിൽ സാന്ത്വന ചികിത്സാകേന്ദ്രത്തിലെ ഡോക്റ്റർമാർ വൃക്കരോഗബാധിതരുടെ രോഗസംബന്ധിയായ വിഷമങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ (Symptom Management) ഒരു പരിധിയിലധികം ഇടപെടാറില്ല; അക്കാര്യം നെഫ്രോളജിസ്റ്റ് നിർവ്വഹിക്കുന്നുണ്ടല്ലോ എന്ന കാഴ്ചപ്പാടാണ് ഇതിന് കാരണം. ഡോ. രാജഗോപാലിന്റെ നിർദ്ദേശം പരിഗണിച്ച്, ഇനി മുതൽ നമ്മുടെ ക്ലിനിക്കിൽ വരുന്ന വൃക്കരോഗബാധിതരുടെ കാര്യത്തിൽ നെഫ്രോളജിസ്റ്റുമായി ഏകോപിപ്പിച്ച് അവരുടെ വിഷമങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ശ്രമിക്കാം എന്ന് ഡോ. ദിവാകരൻ ചർച്ച ഉപസംഹരിച്ചു കൊണ്ട് പറഞ്ഞു.

നമ്മുടെ സന്നദ്ധപ്രവർത്തക സീതാലക്ഷ്മിയുടെ നന്ദിപ്രകടനത്തോടെ പരിപാടി അവസാനിച്ചു.

●

***We are like a dewdrop hanging in the tip of a leaf, ready to leave the body but not ready to fall down and are waiting for sunlight to evaporate us.***
***- Dr. Sajitha***



# അച്ഛനിൽ നിന്ന് മകൾക്ക് ലഭിച്ച മൂന്ന് സമ്മാനങ്ങൾ

(2016 ഒക്ടോബർ 11 ന് ന്നTimes of India യിൽ വന്ന Marguerite Theoplil ന്റെ "Three Gifts From A Father to His Daughter" എന്ന ലേഖനത്തിന്റെ സ്വതന്ത്ര വിവർത്തനം: ഇ. മാധവൻ)

**സമ്മാനങ്ങൾ** നമുക്ക് ലഭിക്കുന്ന വിധം പലപ്പോഴും നമ്മിൽ മതിപ്പുളവാക്കണമെന്നില്ല. ചിലപ്പോൾ ഇഷ്ടപ്പെട്ടില്ലെന്നും വരാം. ഒരു പക്ഷേ നമുക്ക് ലഭിച്ചത് ഒരു സമ്മാനമായിരുന്നു എന്നുപോലും പിന്നീട് തിരിഞ്ഞ് നോക്കുമ്പോൾ അല്ലെങ്കിൽ ആഴത്തിൽ ചിന്തിക്കുമ്പോൾ മാത്രമാണ് അറിയുക. വിവേകത്തിന്റേതായ ഒരു സമ്മാനദാനത്തെപ്പറ്റി ചൈനയിൽ നിന്ന് ഒരു കഥയുണ്ട്- ദീർഘമായ ഉപദേശങ്ങളിലോ കനപ്പെട്ട ഗ്രന്ഥങ്ങളിലോ ആവരണം ചെയ്ത് നൽകേണ്ടാത്ത ഒരു സമ്മാനം.

ഒരിക്കൽ ഒരിടത്ത് ഒരു മുനി ജീവിച്ചിരുന്നു. മിതഭാഷിയായിരുന്ന അദ്ദേഹം കഥകളിലൂടേയും ആംഗ്യങ്ങളിലൂടേയുമായിരുന്നു ശിക്ഷണം നടത്തിയിരുന്നത്. അങ്ങനെയിരിക്കെ മുനിയുടെ ഓമനപ്പുത്രിയുടെ ഇരുപതാം പിറന്നാൾ ആഘോഷിക്കേണ്ട ദിനം ആഗതമായി. ആചാരപ്രകാരം ഈ പിറന്നാളോടുകൂടി അവളുടെ ബാല്യത്തിന് തിരശ്ശീല വീണ് അവൾ മുതിർന്ന ഒരാളാവുകയായിരുന്നു.

ഈ യുവതിക്ക് മനോഹരങ്ങളായ അനേകം സമ്മാനങ്ങൾ ലഭിച്ചു. അവയ്ക്കൊപ്പം അച്ഛന്റെ വക അതിവിദഗ്ദമായി കൊത്തുപണി ചെയ്ത ഒരു ചെപ്പും ഉണ്ടായിരുന്നു. സന്ധ്യാ ധ്യാനവും കഴിഞ്ഞ് ഉറങ്ങുന്നതിന് മുമ്പായി അവൾ തനിച്ചാകുമ്പോൾ മാത്രമേ ആ ചെപ്പ് തുറക്കാൻ പാടുള്ളു എന്ന് പിതാവിന്റെ നിർദ്ദേശവും ഉണ്ടായിരുന്നു.

ഉറങ്ങാൻ പോകുന്നതിന് മുമ്പായി അവൾ തന്റെ പിതാവ് നൽകിയ സമ്മാനം തുറന്നു നോക്കുകയായിരുന്നു. ആ ചെപ്പിനകത്ത്, ഒരേ പോലെ, മനോഹരങ്ങളായ മൂന്ന് ചെപ്പുകൾ ഉണ്ടായിരുന്നു; അവ തുറക്കുന്നത് സംബന്ധിച്ച് പിതാവിന്റെ നിർദ്ദേശവും. മുനി വെച്ചിരുന്ന കുറിപ്പ് അനുസരിച്ച് ചുവന്ന ചെപ്പ് ആദ്യം തുറക്കണം. വെള്ള നിറത്തിലുള്ളത് രണ്ടാമതായും, സ്വർണ്ണ നിറമുള്ളത് മൂന്നാമതായും.

അവളാദ്യം ചുവന്ന ചെപ്പ് തുറന്നു. അതിൽ വെള്ളി കൊണ്ട് ഫ്രെയിം ചെയ്ത ഒരു കണ്ണാടി ഉണ്ടായിരുന്നു. അവൾ തന്റെ കണ്ണാടിയിലെ പ്രതിബിംബം നോക്കി, അവളുടെ മന്ദഹസിക്കുന്ന, സന്തോഷം വഴിയുന്ന മുഖം അവളുടെ നേർക്ക് പുഞ്ചിരിച്ചു. അപ്പോഴാണ് കണ്ണാടിയുടെ പിടിയിൽ ആലേഖനം ചെയ്ത വാക്കുകൾ അവളുടെ കണ്ണിൽപെട്ടത്. ‘വർത്തമാന കാലത്തിലെ നീ’ എന്നായിരുന്നു അത്. സംപ്രീതയായി തലകുലുക്കിക്കൊണ്ട് അവളാ കണ്ണാടി മാറ്റി വെച്ചു.

ആകാംക്ഷാപൂർവ്വം അവൾ വെളുത്ത ചെപ്പ് തുറന്നു. ഉടനേ ഞെട്ടലോടെ അവൾ പിന്നിലേക്ക് ആഞ്ഞു. അതിനകത്ത് സ്ഫടികത്തിൽ കൊത്തിയ ഒരു തലയോടായിരുന്നു ഉണ്ടായിരുന്നത്. മരണത്തിന്റെ ഈ പ്രതീകം സ്വപിതാവ് എന്തിനുവേണ്ടിയാണ് തിരഞ്ഞെടുത്തത് എന്ന് ചിന്തിച്ചുകൊണ്ട്, അത് ചെപ്പിൽ നിന്ന് പുറത്തേക്ക് എടുക്കാൻ ഒരുമ്പെട്ടുകൊണ്ട് അവൾ സങ്കോചത്തോടെ ഏന്തി നോക്കി. അപ്പോഴാണ് അതിന്റെ കടക്കൽ കൊത്തിവെച്ച വാക്കുകൾ ശ്രദ്ധിച്ചത്. 'നിന്റെ ഭാവികാലം' എന്നായിരുന്നു അത്.

പരിഭ്രമം വിടാത്തതിനാൽ സ്വർണ്ണചെപ്പ് തുറക്കുന്നതിന് അവൾ കുറച്ച് അമാന്തം വരുത്തി. അതിനകത്ത് ഒന്നാം ചെപ്പിൽ നിന്ന് കിട്ടിയ കണ്ണാടി പോലെ, മനോഹരവും സംതൃപ്തി നൽകുന്നതുമായ വല്ല വസ്തുവുമാണോ, അതോ സ്ഫടികത്തലയോട്ടി പോലെ തന്നെ അമ്പരപ്പിക്കുന്നതും വേവലാതിപ്പെടുത്തുന്നതുമായ വല്ലതും ആയിരിക്കുമോ എന്ന് അവൾ ഒട്ട് ചിന്തിച്ചു. ഒടുവിൽ ജിജ്ഞാസ അടക്കാൻ സാധിക്കാത്തതിനാൽ അവൾ ആ ചെപ്പ് തുറന്നു. അതിൽ ഉണ്ടായിരുന്നത് മരത്തിൽ പണിത ഒരു ബുദ്ധപ്രതിമയായിരുന്നു. അത് പുറത്തെടുക്കുമ്പോൾ മിനുസമുള്ള മരപ്രതിമ ഊഷ്മളമായ പ്രകാശം പരത്താൻ തുടങ്ങി. ബുദ്ധന്റെ മുഖത്തെ ശാന്തിയും സമാധാനവും തുളുമ്പുന്ന ഭാവം അവളെ ശാന്തയാക്കി. കൊത്തിവെച്ച എന്തെങ്കിലും ഉണ്ടോ എന്ന് എപ്പോഴും തിരയണം എന്ന് ഇപ്പോഴേക്കും അവൾക്ക് ബോധ്യപ്പെട്ടിരുന്നു. അവൾ വായിച്ച ലിഖിതം ഇപ്രകാരമായിരുന്ന. 'ചിരകാലത്തെ നീ'.

പിതാവ് തനിക്ക് പകർന്ന് തന്ന അമൂല്യമായ പാഠം എന്തെന്ന് മകൾ മനസ്സിലാക്കി. നോക്കുമ്പോഴെല്ലാം തന്റെ ഭൗതികമായ ശരീരം പ്രതിബിംബിക്കുക മാത്രമല്ല കണ്ണാടി ചെയ്യുന്നത്, കാലക്രമേണ, സ്വന്തം ഉള്ളിലേക്ക് നോക്കുവാനും അത് പ്രേരിപ്പിക്കുന്നു. അതവളോട് ചോദിച്ചുകൊണ്ടിരിക്കും, താൻ ഉന്നതമായ പാഠങ്ങൾക്ക് അനുസൃതമായ കർമ്മങ്ങളാണോ അനുഷ്ഠിക്കുന്നത്? തന്റെ തീരുമാനങ്ങളുടേയും കർമ്മങ്ങളുടേയും അനന്തരഫലം എന്താണ്? ഉത്തമമായ ജീവിതം നയിക്കാൻ ഇനിയെന്തെല്ലാമാണ് ചെയ്യേണ്ടത്? - എന്നൊക്കെ.

അവൾ ഇരുപത് വയസ്സ് കടന്നേയുള്ളൂ എങ്കിലും രണ്ടാമത്തെ സമ്മാനം അവളെ മനുഷ്യ ജീവിതത്തിന്റെ ക്ഷണികതയെപ്പറ്റി ഓർമ്മിപ്പിച്ചു. ജീവിതത്തിലെ ഓരോ നിമിഷവും - അതാകാം അവസാനത്തേത് എന്ന സങ്കല്പത്തോടെ - ജീവിക്കാൻ അതവളോട് ആവശ്യപ്പെട്ടു. മാത്രമല്ല ജീവിതത്തിലെ ഓരോ നിസ്സാര കാര്യങ്ങളും ആസ്വദിക്കാനും.

മൂന്നാമത്തെ സമ്മാനത്തിലുണ്ടായിരുന്ന സന്ദേശമാണ് മകൾക്കായി മുനിയുടെ ഏറ്റവും പ്രധാനപ്പെട്ട പാഠം. അത് പഠിപ്പിച്ചത് ബുദ്ധൻ പൂജിക്കേണ്ട ഒരാൾ മാത്രമല്ല, സ്വയം സാക്ഷാത്കരിക്കാൻ ശ്രമിക്കേണ്ട ഒന്നുപോലും അല്ല- ഉള്ളിന്റെ ഉള്ളിൽ അവൾ ഇപ്പോഴേ അതാണ്.

നമുക്കെല്ലാവർക്കും നൽകപ്പെട്ടിരിക്കുന്നു അതേ മൂന്ന് സമ്മാനങ്ങൾ- കണ്ണാടിയും, തലയോട്ടിയും ബുദ്ധപ്രതിമയും ഇല്ലെങ്കിലും. നമുക്ക് നമ്മുടെ ഇപ്പോഴത്തെ സ്വത്വത്തെ പരിശോധിക്കുകയും അതിന്റെ ദിശയെ സ്വാധീനിക്കാൻ ശ്രമിക്കുകയും ചെയ്യാം, ഓരോ നിമിഷവും അമൂല്യമാണ് എന്ന ബോദ്ധ്യത്തോടെ ജീവിക്കാം. നമ്മളെല്ലാം ബുദ്ധന്മാരാണ് എന്ന ജ്ഞാനത്തോടേയും. നൈസർഗ്ഗികമായ ആ ബുദ്ധഭാവം പക്ഷേ ഇപ്പോൾ താത്കാലികമായി അജ്ഞതയുടേയും വെറുപ്പിന്റേയും മേഘങ്ങളാൽ ആവൃതമായിരിക്കുകയാണ്. ആ കാർമേഘങ്ങളെ അകറ്റി ജ്ഞാനത്തിന്റെ പ്രകാശമായി നമ്മിൽ വസിക്കുന്ന ബുദ്ധനെ വീണ്ടെടുക്കുകയാണ് നാം ചെയ്യേണ്ടത്. ●

---

2016 ഡിസംബർ 12ന് നമ്മുടെ ബഹുമാനപ്പെട്ട കൃഷിവകുപ്പ് മന്ത്രിയും തൃശ്ശൂർ എം.എൽ.എയുമായ അഡ്വ: വി. എസ്. സുനിൽകുമാർ ക്ളിനിക്ക് സന്ദർശിച്ചു. ഒന്നേകാൽ മണിക്കൂർ നേരം അദ്ദേഹം നമ്മുടെ ക്ളിനിക്കിൽ ചെലവഴിച്ചു. ഔട്ട് പേഷ്യന്റ് യൂണിറ്റ്, ഫിസിയോതെറാപ്പി യൂണിറ്റ്, ഇൻപേഷ്യന്റ് യൂണിറ്റ് എന്നിവിടങ്ങളിൽ വേദനിക്കുന്ന സഹോദരങ്ങളുമായും ബന്ധുക്കളുമായും സംസാരിച്ചു; അവർ പറയുന്നത് ശ്രദ്ധാപൂർവ്വം കേട്ടു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനങ്ങൾ ചോദിച്ചറിഞ്ഞു. സന്നദ്ധപ്രവർത്തകരും ജീവനക്കാരുമായി ഇടപഴകി. അദ്ദേഹം നമ്മുടെ സന്ദർശന പുസ്തകത്തിൽ ഇങ്ങനെ കുറിച്ചു: അർബുദം ബാധിച്ച് അത്യാസന്നമായി തീരുന്ന വരെ സംബന്ധിച്ച് പെയിൻ ആന്റ് പാലിയേറ്റീവ് ചികിത്സ വളരെ നിർണ്ണായകമാണ്. അത്യന്തം പ്രധാനപ്പെട്ട ഈ സേവനം സൗജന്യമായി ലഭ്യമാക്കുന്ന ഇവിടെ നടക്കുന്ന മഹത്തായ സേവനങ്ങൾക്ക് ജനങ്ങൾ കടപ്പെട്ടിരിക്കുന്നു. ക്ളിനിക്കിന്റെ തുടർപ്രവർത്തനങ്ങളിൽ എല്ലാ സഹായസഹകരണവും അദ്ദേഹം വാഗ്ദാനം ചെയ്തു.

# സാന്ത്വനം വീട്ടിൽനിന്ന് തുടങ്ങാം

**ഫിമ വിൻസെന്റ്**

നമ്മുടെയും മറ്റുള്ളവരുടെയും ചിന്താഗതികൾ വ്യത്യസ്തങ്ങളാണ്. എങ്കിലും അവയുടെ ആഴങ്ങളിൽ ഒരു ഒത്തുചേരലുണ്ട്. പരസ്പര ബന്ധങ്ങളുടെ കൈക്കോർക്കലുണ്ട്. പാലിയേറ്റീവ് എന്ന ചിന്താഗതിയിലുമുണ്ട് അതിന്റെ വ്യത്യസ്തതകൾ. എങ്കിലും അതിന്റെ ആഴങ്ങളിൽ പരസ്പരസ്നേഹത്തിന്റെ ഒരു കൈക്കോർക്കൽ കാണാം.

വാർധക്യത്തിന്റെ അന്ത്യയാമങ്ങളിൽ അല്ലെങ്കിൽ മാരകരോഗങ്ങളുടെ അവസാനഘട്ടത്തിൽ കിട്ടുന്ന ഒരു പരിചരണമാണ് പാലിയേറ്റീവ് എന്ന ധാരണ നമ്മിൽ പലർക്കുമുണ്ട്. പക്ഷേ നമ്മളോരോരുത്തരും ജനിക്കുമ്പോഴോ, അതിനുമുമ്പോ നമുക്ക് ലഭിക്കുന്ന പരിചരണമാണ് അത്. സംസാരിച്ച് തുടങ്ങാത്ത ഒരു കുഞ്ഞിന്റെ ഭാവവ്യത്യാസങ്ങൾ ഒരു അമ്മ മനസിലാക്കുന്നു. അവർ ചോദിക്കാതെ തത്തന്നെ അവരുടെ ആവശ്യങ്ങൾ നിറവേറ്റി കൊടുക്കുന്നു. 4-5 വയസ്സ് പ്രായമുള്ള ഒരു കുഞ്ഞ് നിലത്തുവീണാൽ അവളെ അല്ലെങ്കിൽ അവനെവാരിയെടുത്ത് ആശ്വസിപ്പിച്ച് മരുന്നുകളെക്കാൾ മുമ്പ് അവർ വീണ സ്ഥലത്തെ തല്ലുന്ന, ശകാരിക്കുന്ന അമ്മമാരെ നമ്മൾ കണ്ടിട്ടുണ്ട്. ആ സമയത്ത് വേദനയിലും ചിരിക്കുന്ന ആ മക്കൾ. കൗമാരത്തിൽ വഴിതെറ്റുന്ന മക്കളെ നേർവഴിക്ക് നയിക്കുന്ന മാതാപിതാക്കന്മാർ. പെൺമക്കളെ വിവാഹം കഴിപ്പിച്ച് അയക്കുമ്പോൾ കരയുകയും ആശ്വ സിപ്പിക്കുകയും ചെയ്യുന്ന അച്ഛനമ്മമാരും ബന്ധുക്കളും. ഇതിലെല്ലാം നമുക്ക് കാണാൻ കഴിയുന്നത് കടമകൾ എന്ന് നാം വിശേഷിപ്പിക്കുന്ന പാലിയേറ്റീവ് മനോഭാവമാണ്.

പാലിയേറ്റീവ് കെയർ എന്നത് സ്നേഹം, ദ്വേഷ്യം, ഭയം, നിരാശ എന്നതുപോലെ നാമറിയാതെ നമ്മിൽ തന്നെ ഉണ്ടാകുന്ന വികാരമാണ്. പക്ഷേ പല സന്ദർഭങ്ങളിലും നമ്മിൽ നിന്നും അത് അകന്നുപോകുന്നു. അതിനുള്ള ഒരു പ്രധാനകാരണം സമയമാണ്. മാതാപിതാക്കൾക്ക് മക്കളെ നോക്കാൻ സമയമില്ല. മക്കൾക്ക് വൃദ്ധരായ മാതാപിതാക്കളെ നോക്കാൻ നേരമില്ല. അയൽവാസികൾക്ക് പരസ്പരം സംസാരിക്കാൻ നേരമില്ല. ഡോക്ടർമാർക്ക് രോഗികൾ പറയുന്നത് കേൾക്കാനും അവരോട് സംസാരിക്കാനും സമയമില്ല. ടീച്ചർമാർക്ക് കുട്ടികൾ പറയുന്നതു കേൾക്കാൻ സമയമില്ല. പാലിയേറ്റീവ് സൊ സൈറ്റിയിൽ ഞാൻ കണ്ടുവന്നിട്ടുള്ള ഒട്ടുമിക്ക രോഗികളുടെയും വലിയൊരു പ്രശ്നം അവരോട് സംസാരിക്കുവാൻ ആരുമില്ല എന്നതാണ്. പക്ഷേ സഹതപിക്കുവാനും രോഗത്തെക്കുറിച്ച് ഓർമ്മിപ്പിക്കാനും ഒത്തിരിപ്പേരുണ്ട്. അത് അവരുടെ ചിന്തകൾ കൂട്ടുന്നു. അത് നിരാശ ജനിപ്പിക്കുന്നു. അത് വേദനയും ഉറക്കക്കുറവും മറ്റ് ബുദ്ധിമുട്ടുകളുമായി അവർക്ക് തോന്നുന്നു. കേൾവിക്കാരനായി ഇഷ്ടമുള്ള വിഷയത്തെക്കുറിച്ച് മാത്രം സംസാരിക്കുന്ന ഒരു സുഹൃത്തിനെഒരു മകനേ, ഒരു മകളേ അവർ ആ അവസാന നിമിഷങ്ങളിലും ആഗ്രഹിക്കുന്നുണ്ട്. അങ്ങനെഒരു സുഹൃത്ത് അല്ലെങ്കിൽ മകൻ, മകൾ അവർക്ക് ഒത്തിരി ശാരീരിക ബുദ്ധിമുട്ടുകൾക്കുള്ള ആശ്വാസമാണ്. ചുണ്ടിൽ ഒരു പുഞ്ചിരിയും മാനസികധൈര്യവും പകർന്നു തരുന്ന ഒരു വ്യക്തിയെ അവർ നിത്യസന്ദർശകരിൽ തിരയുന്നുണ്ട്. അങ്ങനെഒരു വ്യക്തിയാവുക എന്നത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്, കർത്തവ്യമാണ്. വേദനിക്കുന്ന ഒരു വ്യക്തിക്ക് ആശ്വാസം നല്കുന്നത് പലകാരണങ്ങളാകാം. ചിലപ്പോൾ മരുന്നുകളൊ, ഒറ്റക്കിരിയ്ക്കലോ ആകാം. മറ്റുചിലപ്പോൾ പൊട്ടിക്കരച്ചിലോ, നിശബ്ദതയോ ആകാം. അതുമല്ലെങ്കിൽ ഒരു നല്ല സുഹൃത്തോ, ആഘോഷങ്ങളോ ആകും. കാരണം വേദന എന്നത് ഒരു വ്യക്തിക്ക് തോന്നുന്ന ഒരു വികാരമാണ്. ഒരു വ്യക്തി ആശ്വാസം കണ്ടെത്തുന്ന തലത്തെ അവഗണിച്ച് അത് വേണോ, ഇത് വേണോ, അങ്ങനെചെയ്താൽ നന്നായിരിക്കും, ഇങ്ങനെ ചെയ്താൽ നന്നായിരിക്കും എന്ന നമ്മുടെ സംസാര വും മനോഭാവവും മാറണം. നടക്കാനറിയാത്ത ഒരു കുഞ്ഞ് നടന്നു തുടങ്ങുമ്പോൾ അവൻ അവന്റെതായ രീതിയിൽ ആദ്യം നിൽക്കും. പിന്നെ നമ്മുടെ കൈപിടിച്ച് നടക്കും. അതുതന്നെയാണ് വേദനയിലും നമ്മൾ ചെയ്യേണ്ടത്. അവർ എഴുന്നേറ്റു നിന്നു കഴിഞ്ഞാൽ നമ്മുടെ കരം നീട്ടണം, പിന്നീടുള്ള അവന്റെ ജീവിതത്തിൽ നടക്കാൻ.

മരണം എല്ലാവർക്കും ഭയമാണ്. എന്തുകൊണ്ട്? അത് മുത്തശ്ശികഥകളിലെ ഭൂതത്തെപോലെ കറുത്ത കൊമ്പുകൾ വച്ച് വലിയൊരു രൂപമാണെന്നു കരുതിയിട്ടാണോ. അല്ല. പന്ത്രണ്ടുവയസ്സുള്ള കണ്ണനും, ഇരുപത്തിയാറ് വയസ്സുള്ള സിജോയും, മുപ്പത്തിയെട്ട് വയസ്സുള്ള വിനോദും, എഴുപത്തെട്ട് വയസ്സുള്ള വർഗീസപ്പച്ചനും ഈ ലോകത്തുനിന്ന് യാത്ര പറയുന്ന സമയത്ത് ഈ ഭീകര രൂപത്തെ ഞാൻ അവിടെ കണ്ടില്ല. പക്ഷേ അവരുടെ പലപല ആഗ്രഹങ്ങളിൽ ചിലതെല്ലാം സഫലമായതിലുള്ള സന്തോഷവും മറ്റ് ചിലതിനെക്കുറിച്ചുള്ള നിരാശയും ഞാൻ കണ്ടു. എന്തുകൊണ്ട് അങ്ങനെയുള്ള അവരുടെ കൊച്ചുകൊച്ചാഗ്രഹങ്ങൾ നമുക്ക് നടത്തികൊടുത്തുകൂടാ. ലക്ഷകണക്കിന് വിലവരുന്ന മരുന്നുകളെക്കാളും ഹോസ്പിറ്റൽ സൗകര്യത്തെക്കാളും ആശ്വാസമാണ് അവർക്കത്. സമാധാനപരമായ മരണത്തിലേയ്ക്കുള്ള യാത്രയും. ഇതെല്ലാം നമ്മുടെ കടമയും കർത്തവ്യവുമായി ചെയ്താൽ നമുക്ക് നമ്മുടെ വീട് തന്നെ ഒരു പാലിയേറ്റീവ് യൂണിറ്റാക്കാം. ഒരു ഹോസ്പീസ് സെന്റർ ആക്കാം. അതുവഴി വൃദ്ധസദനങ്ങളെയും വഴിതെറ്റിയ യുവതലമുറയേയും മാരകരോഗങ്ങളുടെ ദുരിതങ്ങളെയും ഒരു പരിധിവരെ അകറ്റാം. ●

ഈ വർഷത്തെ വേൾഡ് ഹോസ്പീസ് ഡേയുടെ ഭാഗമായി 2016 ഒക്ടൊബർ എട്ടിന് ക്ളിനിക്കിന്റെ അങ്കണത്തിൽ വെച്ച് നടന്ന പൊതുയോഗത്തിൽ ബഹുമാനപ്പെട്ട തൃശ്ശൂർ കോർപ്പറേഷൻ മേയർ ശ്രീമതി: അജിത ജയരാജൻ അദ്ധ്യക്ഷയായി. നമ്മുടെ ക്ളിനിക്കിൽ രണ്ടുവർഷത്തോളം സന്നദ്ധ സേവികയായി പ്രവർത്തിച്ചതിന്റെ അനുഭവം മേയർ എടുത്ത് പറഞ്ഞു. യോഗം ഉദ്ഘാടനം ചെയ്ത ജില്ലാകളക്ടർ ഡോ. കൗശികൻ പാലിയേറ്റീവ് കെയറിൽ AVAILABILITY (A), BEHAVIOUR (B), COMPETENCE (C) - ലഭ്യത- സമീപനം - കാര്യക്ഷമത - എന്നീ അടിസ്ഥാന കാര്യങ്ങളിൽ ഊന്നൽ നല്കണമെന്ന സന്ദേശം കൈമാറി.

# എഴുത്തിന്റെ വിശുദ്ധി; ജീവിതത്തിലും

● ഡോ. എം.എം. ബഷീർ

തിക്കോടിയൻ മാഷിന് പണത്തോടോ പ്രസിദ്ധിയോടോ യാതൊരു താല്പര്യവും ഇല്ലായിരുന്നു. കഴിഞ്ഞുകൂടാൻ കഴിയണം എന്നായിരുന്നു പ്രാർത്ഥന. ഒരു സംഭവം ഓർക്കുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ പാലിയേറ്റീവ് കെയർ യൂണിറ്റ് ആരംഭിച്ച കാലം. ഡോ. രാജഗോപാലായിരുന്നു അതിന്റെ ഡയറക്ടർ. സേവനനിരതനായ അദ്ദേഹത്തിന്റെ പ്രവർത്തനം ആവേശകരമായിരുന്നു. സർക്കാരിന്റെ സഹായം പരിമിതം. പൊതുജനങ്ങളുടെ സഹായവും സഹകരണവും ആവശ്യമായിരുന്നു. തിക്കോടിയൻ മാഷിനെ കണ്ടപ്പോൾ ഡോ. രാജഗോപാൽ പ്രയാസങ്ങൾ പറഞ്ഞു. അപ്പോൾ മാഷ് പറഞ്ഞു: "പണം തരാൻ എന്റെ കൈയിലില്ല. നിങ്ങൾക്ക് ഞാൻ ഒരു പുസ്തകം തരാം. യൂണിവേഴ്സിറ്റിയിൽ പാഠപുസ്തകമാക്കിയാൽ ഒരു നല്ല തുക കിട്ടും."

അന്നു വൈകിട്ട് എന്നെക്കണ്ടപ്പോൾ തിക്കോടിയൻ മാഷ് പറഞ്ഞു: "എടോ, തന്റെ ശി ഷ്യന്മാരും സുഹൃത്തുക്കളുമല്ലേ പാഠപുസ്തകകമ്മിറ്റിക്കാർ. അവരോടു പറഞ്ഞ് ഒരു പുസ്തകം പാഠപുസ്തകമാക്കിക്കൊട്.... ആ പാവങ്ങൾക്കു വലിയ സഹായമാവും."

തിക്കോടിയൻ മാഷിന്റെ "പുഷ്പശ്രീ" രാമായണത്തെ അധികരിച്ചെഴുതിയ അതിമനോഹരമായ നാടകമാണ്. അത് പാഠപുസ്തകമായി. നല്ലൊരു തുക കിട്ടി. ആ പണം വാങ്ങി ഒരു രൂപ പോലും സ്വന്തമായി എടുക്കാതെ തിക്കോടിയൻ മാഷ് പാലിയേറ്റീവ് കെയർ യൂണിറ്റിനു നല്കുകയുണ്ടായി. ഇതൊന്നും ആരും അറിയുകയില്ല. ആരോടും പറയാൻ മാഷ് ഇഷ്ടപ്പെട്ടില്ല.

സാമ്പത്തികമായി പ്രയാസപ്പെടുന്ന സമയമായിരുന്നു. അക്കാര്യം അറിയുന്ന ഞാൻ പറഞ്ഞു:

പകുതി കൊടുത്താൽ മതിയായിരുന്നു. മാഷ് എന്തോ ആലോചിച്ചു നിന്നിട്ട് എന്നോടു പറഞ്ഞു: കാൻസർ പിടിച്ച് അവശരായിക്കിടക്കുന്ന പാവങ്ങൾക്ക് ഒരല്പം ആശ്വാസമാകട്ടെ.

●

## വൃക്കരോഗബാധിതരുടെ ക്രിസ്മസിന് ഡോക്ടർമാരുടെ ഗാനമേള

വൃക്കരോഗബാധിതരുടെ ക്രിസ്തുമസ് ആഘോഷം തൃശ്ശൂരിലെ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റിയിൽ അരങ്ങേറിയത് ഡോക്ടർമാരുടെ ഗാനമേളയോടെയായിരുന്നു. രോഗബാധിതരും ശുശ്രൂഷകരുമായി അമ്പതുപേർ പരിപാടിയിൽ പങ്കുകൊണ്ടു.

വൃക്കരോഗബാധിതർക്ക് അനുയോജ്യമായ ഭക്ഷണം ഡയറ്റീഷ്യന്റെ നിർദ്ദേശപ്രകാരം സന്നദ്ധപ്രവർത്തകർ തയ്യാറാക്കിയിരുന്നു. രോഗബാധിതർക്ക് കഴിയ്ക്കാൻ പറ്റാത്തതിനാൽ ക്രിസ്മസ് കേക്ക് മുറിയ്ക്കുന്ന ചടങ്ങ് ഒഴിവാക്കി. രണ്ട് രോഗബാധിതർ മൂന്ന് ഗാനം വീതം ആലപിച്ചു. ഒരാൾ സ്വന്തം കവിത അവതരിപ്പിച്ചു. തങ്ങളുടെ ദുരവസ്ഥയെ വിശദീകരിക്കുന്നതും മോഹങ്ങളും സ്വപ്നങ്ങളും ഉൾക്കൊള്ളുന്നതുമായ കവിത സദസ്സിനെ സ്തബ്ധരാക്കി.

ഡോക്ടർമാരായ പിഷാരടി ചന്ദ്രൻ, സി. സതീശ് കുമാർ, പി.വി. അജയൻ, ടി.കെ. രവീന്ദ്രൻ എന്നിവർ ഗാനങ്ങളാലപിച്ചു. ഡോ. ഇ. ദിവാകരൻ കവിത ചൊല്ലി. സന്നദ്ധപ്രവർത്തകരായ ശ്യാമള ഗോപിനാഥും, ജ്യോതി വാര്യരും സംഗീതമാലപിച്ചവരിൽ പെടുന്നു. ശ്രീ. മോഹൻ സാന്താക്ളോസ് ആയി വന്നത് ഏവരുടെയും ശ്രദ്ധപിടിച്ചുപറ്റി. അടുത്ത ക്രിസ്മസിന് നല്ല തയ്യാറെടുപ്പോടെ വരുമെന്ന് വൃക്കരോഗബാധിതർ പറഞ്ഞു. കളികളിൽ പങ്കെടുത്തവർക്ക് സൊസൈറ്റി ഭാരവാഹികൾ സമ്മാനങ്ങൾ നല്കി.

●

# ഡോ. ബിനായക് സെൻ നമ്മളോടൊപ്പം

മനുഷ്യാവകാശ സംരക്ഷണം സംബന്ധിച്ച ഏഷ്യൻ രാഷ്ട്രങ്ങളിലെ ജനസമൂഹങ്ങളുടെ ആശങ്കകളെക്കുറിച്ച് മൂന്ന് ദിവസം നീണ്ടുനിന്ന അന്താരാഷ്ട്ര സമ്മേളനം കഴിഞ്ഞയുടൻ ഡിസംബർ 13ന് ഡോ. ബിനായക് സെൻ തൃശ്ശൂരിലെ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റിയിലെത്തി. ഓഫീസിലും ഔട്ട് പേഷ്യന്റ് വിഭാഗത്തിലും ഫാർമസിയിലും ഡോക്ടർമാരോടും നഴ്സുമാരോടും സന്നദ്ധപ്രവർത്തകരോടും സംസാരിച്ചു. രോഗികൾക്കൊപ്പമിരുന്ന് കുശലാന്വേഷണം നടത്തി. ബന്ധുക്കളെ ആശ്വസിപ്പിച്ചു. ഫിസിയോതെറാപ്പി വിഭാഗത്തിലെ രോഗികൾക്ക് കൈവരിക്കാൻ കഴിയുന്ന നേട്ടങ്ങളിൽ സംതൃപ്തി രേഖപ്പെടുത്തി. വൃക്കരോഗികൾക്ക് നല്കുന്ന ഔഷധങ്ങളുടെ പട്ടിക പരിശോധിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് കെയറിൽ നടക്കുന്ന പരിശീലനം സംബന്ധിച്ച് വിശദമായ കുറിപ്പു തയ്യാറാക്കി.

ഇൻപേഷ്യന്റ് വിഭാഗത്തിൽ രോഗികളുടെ കാബിനുകളിൽ അവരുടെ കട്ടിലിൽ തന്നെ ഇരുന്നു. ഒരു രോഗിയുടെ ബന്ധു അദ്ദേഹത്തിന്റെ കാൽതൊട്ട് വന്ദിയ്ക്കാൻ ശ്രമിച്ചപ്പോൾ വിലക്കി. അവരുടെ കണ്ണുനീർ തുടച്ചുകൊടുത്തു. സൊസൈറ്റി തുടങ്ങാനിരിക്കുന്ന ശരണാലയം (hospice) ദീർഘകാലം കിടത്തി ചികിത്സ ആവശ്യമുള്ളവർക്ക് സഹായകമാകട്ടെ എന്ന് ആശംസിച്ചു.

കിടപ്പിലായ രോഗികൾക്ക് വീടുകളിൽ ചെന്ന് പരിചരണം നല്കുന്ന സംഘത്തോടൊപ്പം ഡോ. സെൻ രണ്ട് രോഗികളുടെ വീടുകൾ സന്ദരശിച്ചു. കാൻസർ രോഗ ചികിത്സയ്ക്കുവേണ്ടി വരുന്ന ഭീമമായ ചെലവ് താങ്ങാനാകാതെ വീടും പുരയിടവും പണയത്തിലാകുകയും ജപ്തി നോട്ടീസ് ലഭിക്കുകയും ചെയ്ത ദുരവസ്ഥയിൽപെട്ട് ഉഴലുന്ന കുടുംബത്തെ ആശ്വസിപ്പിച്ചു.

ശിശുരോഗ ചികിത്സകനും പൊതുജനാരോഗ്യ വിദഗ്ദ്ധനും പീപ്പിൾസ് യൂണിയൻ ഫോർ സിവിൽ ലിബർടീസിന്റെ ഉപാദ്ധ്യക്ഷനും പോൾ ഹാരിസൺ അവാർഡ്, ജോനാഥൻ മൻ പുരസ്ക്കാരം, ഗ്വാങ്ജ്പു മനുഷ്യാവകാശ സമ്മാനം, ഗാന്ധി ഇന്റർനാഷനൽ പീസ് അവാഡ് എന്നിവ നേടിയ ഡൊ.സെൻ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റി തൃശ്ശൂർ സന്ദർശിച്ചത് തങ്ങളുടെ അർത്ഥവത്താണെന്ന് സെക്രട്ടറി ശശികുമാരൻ രാജ പറഞ്ഞു. ഡോ. സെൻ അദ്ദേഹത്തോടൊപ്പം അടുക്കളയിൽ കയറുകയും പാചകത്തിലേർപ്പെട്ടിരുന്ന വനിതകളുടെ ക്ഷേമാന്വേഷണം നടത്തുകയും ചെയ്തു. അവർ നല്കിയ ചായയ്ക്ക് നന്ദി പറഞ്ഞു. ആയിരക്കണക്കിന് ആദിവാസി കുടുംബങ്ങൾക്ക് സേവനം നല്കുന്ന ഡോ. സെൻ പശി തന്നെ പരം രോഗം എന്ന ബുദ്ധവാക്യം അടുക്കളച്ചുമരിൽ എഴുതിവെച്ചത് തികച്ചും അർത്ഥവത്തായി എന്ന് കൂട്ടിച്ചേർത്തു. താൻ ഇപ്പോൾ സേവനമനുഷ്ഠിയ്ക്കുന്ന ഛതീസ്ഘട്ടിലെ ആദിവാസികളുടെ പ്രശ്നം വിശപ്പാണെന്ന് ഊന്നിപ്പറഞ്ഞു. തൃശ്ശൂരിലെ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റിയുടെ മാതൃകയിൽ കൽക്കത്തയ്ക്കടുത്ത് കല്യാണിയിൽ തന്റെ അമ്മവീടിനോട് ചേർന്ന് ഒരു സംരംഭം തുടങ്ങണമെന്ന് ആഗ്രഹിക്കുന്നുവെന്നു പ്രസ്താവിച്ചു. ●



# ഉണ്മയിലുള്ളത്

***ഉണ്മയിലുള്ളതല്ല അവർ കാണുന്നത്, പിന്നെ? എന്തു കാണണം എന്ന് അവരെ പരിശീലിപ്പിച്ചിരിക്കുന്നു വോ, അത്!***

ടോമ്മി കടൽക്കരയിൽ നിന്ന് മടങ്ങി എത്തിയതേ ഉള്ളു.
"അവിടെ മറ്റ് കുട്ടികൾ ഉണ്ടായിരുന്നോ?" അവന്റെ അമ്മ ചോദിച്ചു.
"ഉണ്ടായിരുന്നു." ടോമ്മി പറഞ്ഞു.
"ആൺകുട്ടികളോ, പെൺകുട്ടികളോ?"
"ഞാനെങ്ങനെ അറിയും? അവരൊന്നും ഉടുപ്പിട്ടിരുന്നില്ല."

***അവരെ തടങ്ങലിലിട്ടിരിക്കുന്ന മതിൽ മാനസികമാണ്, യഥാർത്ഥമല്ല.***

ഒരു കരടി കൂടിന്റെ വലുപ്പത്തിന് അനുസരിച്ച് 20 അടി അങ്ങോട്ടും ഇങ്ങോട്ടും ഉലാത്തിയിരുന്നു. അഞ്ച് വർഷത്തിന് ശേഷം കൂട് എടുത്ത് മാറ്റിയ ശേഷവും കരടി അതേ 20 അടി ദൂരം മാത്രം ഉലാത്തിക്കൊണ്ടിരുന്നു, കൂട് അവിടെത്തന്നെ ഉണ്ടെന്ന പോലെ. അവനെ സംബന്ധിച്ചേടത്തോളം അതവിടെത്തന്നെ ഉണ്ടായിരുന്നു!

***തങ്ങളുടെ നൈതികതയെപ്പറ്റി ചിലർക്ക് തികഞ്ഞ അഭിമാനമാണ്, അതവർ അത്ഭുതകരമായ വിധത്തിൽ പ്രകടിപ്പിക്കുകയും ചെയ്യും.***

ലാസ് വേയ്ഗ്ഗാസ്സിൽ ഒരു മനുഷ്യൻ, കണ്ടാൽ സമ്പന്നൻ എന്ന് തോന്നിക്കുന്ന ഒരു അപരിചിതനെ സമീപിച്ച് പറഞ്ഞു, "സർ, എനിക്ക് 25 ഡോളർ തരുമോ? രണ്ട് ദിവസമായി ഞാൻ ആഹാരം ഒന്നും കഴിച്ചിട്ടില്ല. കയറിക്കിടക്കാനാണെങ്കിൽ ഒരിടവും ഇല്ല."

"നിങ്ങൾ എന്റെ പക്കൽനിന്ന് പണം വാങ്ങി കൊണ്ട് പോയി അതെടുത്ത് ചൂതാടില്ലെന്ന് എനിക്ക് എന്താണ് ഹേ ഉറപ്പ് ?"

"അസാദ്ധ്യം!" ആ മനുഷ്യൻ പറഞ്ഞു, "ചൂത് കളിക്കുള്ള പണം ഞാൻ മുമ്പേ കരുതിവെച്ചിട്ടുണ്ട്."

ഒരു റിപ്പോർട്ടർ ആ ചെറുപട്ടണത്തിൽ പലരോടും അവർക്ക് അവിടത്തെ മേയറെ അറിയാമോ എന്ന് അന്വേഷിച്ചു.
"അയാളൊരു നുണയനും ചതിയനുമാണ്." ഗ്യാസ് സ്റ്റേഷനിലെ ജോലിക്കാരൻ പറഞ്ഞു.
"അയാൾ ഗർവ്വിഷ്ഠനായ കഴുതയാണ്." സ്കൂൾ അദ്ധ്യാപകൻ പറഞ്ഞു.
"ഞാനെന്റെ ജീവിതത്തിലൊരിക്കലും അയാൾക്ക് വോട്ട് നൽകിയിട്ടില്ല." മരുന്നു കടക്കാരൻ പറഞ്ഞു.
"ഞാൻ കണ്ടതിൽ വെച്ച് ഏറ്റവും വലിയ അഴിമതിക്കാരൻ." ക്ഷുരകൻ പറഞ്ഞു.
അവസാനം ആ റിപ്പോർട്ടർ മേയറെ കണ്ടപ്പോൾ ചോദിച്ചു, "താങ്കൾക്ക് എന്ത് ശമ്പളം ഉണ്ട്?"
"എന്റീശ്വര, എനിക്ക് ശമ്പളമൊന്നും ഇല്ല." മേയർ പറഞ്ഞു.
"പിന്നെ താങ്കൾ ഈ ജോലി എന്തിനാണ് സ്വീകരിച്ചത്?'
"സർവ്വരാലും ആദരിക്കപ്പെട്ട്, അഭിമാനത്തോടെ തല ഉയർത്തിപ്പിടിച്ച് ജീവിതം ധന്യമാക്കാൻ."

***നിങ്ങൾ സ്വന്തമാക്കാത്ത യാതൊന്നും നിങ്ങളിൽ നിന്ന് എടുത്തു കൊണ്ടു പോകാൻ ഒരാൾക്കും പറ്റില്ല.***

നാഗാർജുന മഹാനായ ഒരു ബുദ്ധ സന്യാസി ആയിരുന്നു. അദ്ദേഹം സഞ്ചരിച്ചിരുന്നത് വെറും കോണകമുടുത്തായിരുന്നെങ്കിലും, ആ വേഷത്തിന് ഒട്ടും യോജിക്കാത്തവിധത്തിൽ സ്വർണ്ണത്തിന്റെ ഒരു പിച്ചപ്പാത്രവും എടുത്തായിരുന്നു ആ നടത്തം. സ്വശിഷ്യനായിരുന്ന രാജാവ് സമ്മാനിച്ചതായിരുന്നു ആ പിച്ചപ്പാത്രം.

ഒരു രാത്രി പുരാതനമായ ഒരു ബുദ്ധവിഹാരത്തിന്റെ അവശിഷ്ടങ്ങൾക്കിടയിൽ ഉറങ്ങുവാൻ വട്ടം കൂട്ടുമ്പോഴാണ് അദ്ദേഹം കണ്ടത്, തൂണിന് പിറകിൽ ഒരു കള്ളൻ പതുങ്ങി നിൽക്കുന്നു. അപ്പോൾ പിച്ചപ്പാത്രം കള്ളന് നീട്ടിക്കൊണ്ട് സംന്യാസി പറഞ്ഞു, "ഇതെടുക്ക്. അപ്പോൾപ്പിന്നെ ഞാനുറക്കമായാൽ നീ വന്ന് എന്നെ ശല്ല്യം ചെയ്യുകയില്ലല്ലോ."

കള്ളൻ അക്ഷമയോടെ ആ പിച്ചപ്പാത്രം തട്ടിപ്പറിച്ച് സ്ഥലം വിട്ടു. പിറ്റേന്ന് നേരം വെളുപ്പിന് തന്നെ സ്വർണ്ണപ്പാത്രവുമായി തിരിച്ചുവരാനുള്ള ഒരു പോക്കായിരുന്നു അത്. ആയാൾ സംന്യാസിയോട് അപേക്ഷാപൂർവ്വം ഇപ്രകാരം പറഞ്ഞു. "അങ്ങ് ഇന്നലെ രാത്രി ഇത്ര അനായാസമായി ഈ സ്വർണ്ണപ്പാത്രം നൽകിയപ്പോൾ എനിക്ക് സ്വയം ഒരു ദരിദ്രൻ എന്ന് തോന്നിപ്പോയി. അങ്ങ് എന്നെ പഠിപ്പിച്ചാലും, ഇത്രയും ലാഘവഹൃദയത്തോടെ സ്വർണ്ണപ്പാത്രം വിട്ടുനൽകാൻ സാദ്ധ്യമാകുന്ന തരത്തിലുള്ള സമ്പന്നത എങ്ങിനേയാണ് ആർജിക്കുക?"


***കേവലം ദരിദ്രമെന്ന് തോന്നുന്ന കയ്യിലിരിപ്പുകൊണ്ട് ചിലർക്ക് അവനവന്റേയും മറ്റുള്ളവരുടേയും ജീവിതം സമ്പന്നമാക്കുവാനുള്ള കഴിവുണ്ട്.***

●

---

Stories from "The Prayer of the Frog- A Book of Story Meditations" by Anthony de Mellow.

വിവർത്തനം: ഇ. മാധവൻ




ഒരിക്കലെങ്കിലും ഒന്ന് കത്തണം,
അകവും പുറവും നന്നായി വേവുവോളം.
പിന്നെയെന്തു ശേഷിക്കുന്നുവോ,
അതുമായ് ജീവിക്കാൻ തുടങ്ങാം.
ആ ജീവിതത്തിനൊരർത്ഥമുണ്ടാകും
കർമ്മങ്ങൾക്ക് ശുദ്ധിയുണ്ടാകും
അതാണ് അഗ്നിയാൽ സ്വീകരിക്കുന്ന സ്നാനം.
സ്വയം ശപിക്കാതെ,
അപരനെ ശപിക്കാതെ,
മൗനമെന്തെന്നറിഞ്ഞ്,
പ്രാർത്ഥനയെന്തെന്നറിഞ്ഞ്,
സ്നേഹമെന്തെന്നറിഞ്ഞ്,
കരുണയെന്തെന്നറിഞ്ഞ്,
അകം നിറഞ്ഞ കൃതജ്ഞതയോടെ.

Publishers : **Green Pepper Publica**
www.greenpepperpublica.com
Contact No. : 9447 558 558
Cover Design : R. Mahesh.Communique
₹ 120.00

● സലീഷ് ഇട്ടൂപ്പ് ജോണി ●

From

Address : ..........................................................................
..........................................................................................
..........................................................................................
..........................................................................................
..........................................................................................

Rs: ................................ (Rupees.................................................................only)
by cash / cheque / DD No. ............................................ dated .................................
**as donation** in favour of Pain and Palliative Care Society, Thrissur. You may also transfer to our SB A/c **7752500100057301** with Karnataka Bank Ltd., Round East, Thrissur - 680 001. Branch, **IFSC Code : KARB0000775**

The Secretary, **Pain and Palliative Care Society**
Old District Hospital Building, Thrissur - 680 001

Donation to the Society are exempted from Income Tax under Section 80G.


Printed and Published by Pain and Palliative Care Society, Thrissur. Phone : **9447442354 (Sasiraja)**
Printed at iMAC Creations, Thrissur - 680 001. Ph : 0487-2420784. Managing Editor : Secretary, PPCS